# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

March - April 2024 No. 2 | 24



For Private Circulation Only

# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**



**Editorial Committee**

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**



**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**


## ഉള്ളടക്കം


- നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത് ........................1
- ലോകത്തെ ജയിച്ച ജയം ........................3
- അല്പം കുടുംബകാര്യം ........................7
- യേശുക്രിസ്തു നിസ്തുല്യൻ ........................10
- വീണുപോയ മനുഷ്യനും വീണ്ടെടുപ്പുകാരനായ ദൈവവും ..........12
- മക്കളുടെ നിലവിളി കേൾക്കുന്ന പിതാവ് ........................15
- ഫിലേമോൻ........................18
- കേൾക്കുന്ന ദൈവം ........................22
- ഭവന പണിക്കുള്ള യോഗ്യത ........................24
- ഓളങ്ങളും തിരമാലകളും ........................27
- യാത്ര ........................31
- Quest 94 ........................36

ആമുഖം

# നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത്

"നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല" എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (റോമ 3:10). അപ്പോൾ 'നീതിമാൻ' ആരാണ്? 21-ാം വാക്യത്തിൽ "ദൈവത്തിന്റെ നീതി വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നേ". രക്ഷിക്കപ്പെട്ട ദൈവമക്കളാണ് നീതിമാന്മാർ എന്ന് അറിയപ്പെടുന്നത്.

ദൈവഭക്തനായ ഒരു മനുഷ്യന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവർ പ്രായപൂർത്തി ആയപ്പോൾ ഉദ്യോഗാർത്ഥം ഭവനം വിട്ടുപോയി; ധനസമ്പാദനത്തിനുള്ള വ്യഗ്രതയിൽ ദൈവത്തെ പാടേ മറന്നു; വെറും ലൗകികരായി ജീവിച്ചുപോന്നു. കുറെ നാളുകൾക്കു ശേഷം മാതാപിതാക്കൾ ഇഹലോകം വിട്ടു കടന്നുപോയി. ഇതിനോടകം മക്കളിരുവരും ധനാഢ്യരായിത്തീർന്നിരുന്നു. ആൾപാർപ്പില്ലാതെ കിടന്ന പഴയ വീട് വില്ക്കാനായി അവർ സ്ഥലത്തെത്തി. ഓരോ മുറികളും കടന്നു ഒടുവിലായി അടുക്കളയിലെത്തി. അവിടെ ആ പഴയ ഊണ് മേശയും അതിന്മേലിരുന്ന പഴയ വേദപുസ്തകവും അവരുടെ ഹൃദയങ്ങളെ വികാരാധീനമാക്കി. മാതാപിതാക്കളോടൊത്ത് ജീവിച്ചകാലത്ത് ഭക്ഷണത്തിനു മുമ്പായി ആ വേദപുസ്തകം വായിച്ചു, പ്രാർത്ഥിച്ചു പോന്ന ഭൂതകാലസ്മരണകൾ അവരുടെ ഹൃദയങ്ങളെ സ്പർശിച്ചു. തങ്ങളുടെ മാതാപിതാക്കൾ ആരാധിച്ചുപോന്ന ദൈവത്തിൽ നിന്നും അവർ എത്രയോ ദൂരം അകന്നുപോയി എന്നു മനസ്സിലാക്കി. "നാം ധനവാന്മാരായി പക്ഷേ ദൈവമില്ലാത്തവരാണ്, നമ്മുടെ മാതാപിതാക്കൾ പണക്കാരല്ലായിരുന്നു; എന്നാൽ അവരുടെ സ്വത്ത് ദൈവമായിരുന്നു. ഇന്നു മുതൽ നമ്മുടെ മാതാപിതാക്കളുടെ ദൈവത്തിലേക്ക് മടങ്ങിവരാം. ആ പഴയ വേദപുസ്തകം നമ്മുടെ ധനമായിരിക്കട്ടെ" എന്ന് അവർ തീരുമാനിച്ചു. അവിടെ മുട്ടുകുത്തി കണ്ണുനീരോടെ പ്രാർത്ഥിച്ചു. അവർ ആ വീട് വിറ്റില്ല എന്നു മാത്രമല്ല ഇരുവരും അവിടേക്ക് താമസമാക്കി വേദപുസ്തകവായനയും പ്രാർത്ഥനയും ആരംഭിച്ചു. എത്രയോ അനുഗൃഹീതമാതൃകയാണ് ആ മാതാപിതാക്കൾ മക്കൾക്ക് നല്കിയത്. അടുക്കളയും അതിലെ വേദപുസ്തകവും ഒരു സ്മാരകമായി (Memorial) അവശേഷിച്ചതിനാൽ മക്കൾ കർത്താവിങ്കലേക്ക് മടങ്ങിവരാൻ കാരണമായി.

തങ്ങളുടെ മക്കൾക്കുവേണ്ടി അഹോരാത്രം കഷ്ടപ്പെട്ടു സമ്പാ

ദിക്കുന്ന മാതാപിതാക്കൾ ഗൗരവപൂർവ്വം ചിന്തിക്കേണ്ട വിഷയമാണിത്. നാം എന്തൊരു സ്മാരകമാണ് മക്കൾക്കായി ശേഷിപ്പിക്കുന്നത്. മറ്റെല്ലാ കാലത്തെയുംകാൾ ഇന്ന് അനേകവിശ്വാസികളും ധനസമ്പാദനത്തി നാണ് ഏറ്റവും പ്രാധാന്യം നല്കുന്നത്. നാം നമ്മുടെ മക്കൾക്ക് മാതൃകാ പരമായി ജീവിക്കാതെ ലോകമോഹങ്ങൾക്കായി വളർത്തുന്ന മക്കൾക്കായി കണ്ണുനീർ വാർക്കുന്നതിൽ ഒരു പ്രയോജനവുമില്ല. സുപ്ര സിദ്ധ സുവിശേഷകൻ ബില്ലി ഗ്രഹാമിന്റെ മകൻ ഫ്രാങ്ക്ളിൻ തന്റെ പിതാവിനെക്കുറിച്ച് "നിങ്ങൾ ടെലിവിഷനിൽ കാണുന്ന ബില്ലിഗ്രഹാം തന്നെയാണ് തന്റെ രഹസ്യ ജീവിതത്തിലും" എന്ന് ഒരിക്കൽ പറയുക യുണ്ടായി. ഞങ്ങളുടെ മാതാപിതാക്കൾ ധനികരായിരുന്നില്ല; എന്നാൽ അനുഗൃഹീതമായ മാതൃക വെച്ചേച്ചാണ് പോയത്. എത്ര നല്ല സ്മരണ!

പ്രിയ സഹോദരിമാരേ, നമ്മുടെ ജീവിതാന്ത്യത്തിൽ, നാം ഈ ലോകം വിട്ട് കർത്തൃസന്നിധിയിലേക്കുപോകുമ്പോൾ, നമ്മുടെ കുഞ്ഞു ങ്ങൾക്കും മറ്റുള്ളവർക്കും എന്താണ് വിട്ടേച്ച് പോകുന്നത്? നമ്മേക്കുറി ച്ചുള്ള സ്മരണ അവർക്ക് അനുഗ്രഹകരവും പ്രോത്സാഹജനകവും ആയിത്തീരട്ടെ.

ദൈവം യിസ്രായേൽ മക്കൾക്കു കല്പനകൾ നല്കിയപ്പോൾ "....നിങ്ങൾ അനുസരിച്ചു നടക്കേണ്ടതിന്നും, നിന്റെ ജീവിതകാലമൊ ക്കെയും നീയും നിന്റെ മകനും മകന്റെ മകനും ഞാൻ നിന്നോടു കല്പി ക്കുന്ന നിന്റെ ദൈവമായ യഹോവയുടെ എല്ലാ ചട്ടങ്ങളും കല്പന കളും പ്രമാണിപ്പാൻ...." (ആവർത്തനം 6:1,2). നമുക്കും നമ്മുടെ അടുത്ത തലമുറകൾക്കും കൂടിയാണ് ദൈവത്തിന്റെ കല്പനകൾ. അവരെ ആയതിലേക്ക് നയിക്കുക എന്നതു നമ്മുടെ ഗൗരവമേറിയ കടമയാണ്. "നമ്മുടെ മക്കൾ യഹോവ നല്കുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും തന്നെ". ആ മക്കൾക്ക് മാതൃകയായി ജീവിച്ച് നമ്മെക്കുറിച്ചുള്ള സ്മരണ അവർക്ക് അനുഗ്രഹകരമായി പരിണമിക്കേ ണ്ടതിന് നമ്മുടെ ദൈനംദിനജീവിതത്തെ ക്രമപ്പെടുത്തണം.

2023-ാം ആണ്ട് പിന്നിട്ട് നാം ഒരു പുതുസംവത്സരത്തിലേക്ക് പ്രവേ ശിച്ചിരിക്കയാണല്ലോ. നമ്മുടെ കടമകൾ ബോധപൂർവ്വം ഭക്ത്യാനുസ രണം നിർവ്വഹിക്കാൻ കർത്തൃസന്നിധിയിൽ തീരുമാനമെടുക്കുകയും ആയതിലേക്ക് നമ്മെ സമർപ്പിക്കുകയും ചെയ്യാൻ കർത്താവ് കൃപ നല്കട്ടെ. നമ്മെക്കുറിച്ചുള്ള സ്മരണ കർത്തൃനാമത്തിന് മഹത്വം കരേ റ്റുവാൻ പര്യാപ്തമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**മേരി അഞ്ചൻ, തുംകൂർ**

# ലോകത്തെ ജയിച്ച ജയം

മനുഷ്യജീവിതം തന്നെ ഒരു യുദ്ധക്കളമാണ്. അവന് തന്റെ ജീവിതാന്ത്യംവരെ ഈ യുദ്ധത്തെ നേരിട്ടുകൊണ്ടിരിക്കേണ്ടി വരും. ജീവിതത്തിലുണ്ടാകുന്ന കഷ്ടതകൾ, ശാരീരികവും മാനസികവുമായ വൈഷമ്യങ്ങൾ, വ്യാകുലതകൾ, ജഡീകമോഹങ്ങൾ, ഗർവ്വഭാവങ്ങൾ, നീതിരഹിതമായ നിയമവാഴ്ച്ചകൾ തുടങ്ങിയ പലതരം യുദ്ധങ്ങളിലൂടെ നമുക്കു കടന്നുപോകേണ്ടിവരും. എന്നാൽ ഒരു ദൈവപൈതലിന് ഈവിധ യുദ്ധങ്ങളിലൊക്കെയും വിജയം തരുവാൻ ലോകത്തെ ജയിച്ച ഒരു കർത്താവു നമുക്കുണ്ട്. കർത്താവിന്റ വചനങ്ങൾ നമുക്കു ജീവിതത്തിലുണ്ടാകുന്ന ഈ വിധ കഷ്ടങ്ങളിലൊക്കെ വിജയം നേടുവാൻ ധൈര്യം തരും. കർത്താവു പറയുന്നു: ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു' (യോഹ. 16:33).

ലോകം, ജഡം, പിശാച് എന്നീ മൂന്നു വ്യവസ്ഥകളാണ് പോരാടുവാനായി എപ്പോഴും നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു. ദൈവത്തിൽ നിന്നു ജനിച്ചവൻ ലോകത്തെ ജയിച്ചിരിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. നാം രക്ഷിക്കപ്പെടുന്നത് നമുക്കായി ക്രൂശിൽ മരിച്ച യേശുവിനെ നമ്മുടെ ജീവിതത്തിന്റെ കർത്താവായി സ്വീകരിക്കുമ്പോഴാണ്. അതിന് ഹൃദയംകൊണ്ടു വിശ്വസിക്കയും വായ്കൊണ്ട് ഏറ്റുപറകയും ചെയ്യണം. വിശ്വാസം കേൾവിയാലും കേൾവി ദൈവത്തിന്റെ വചനത്താലും വരുന്നു (റോമർ. 10:17). അവിശ്വാസവും കോട്ടവുമുള്ള ഒരു തലമുറയുടെ മദ്ധ്യത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ട് നമ്മുടെ ചുറ്റുമുള്ളവരെ നോക്കാതെ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കി ജീവിക്കണം. ലോകം എന്നു പറയുന്നത് ദൈവം സൃഷ്ടിച്ച മനോഹരമായ ഭൂമിയല്ല. സാത്താൻ പ്രഭുവായി വാഴുന്ന, ചതിവും, വഞ്ചനയും, ഭോഷ്ക്കും, അനീതിയും, ദുഷ്ടതയും നിറഞ്ഞ ലോകം. നാം ലോകത്തിൽ ജീവിക്കുന്നുവെങ്കിലും നാം ഈ ലോകത്തിനുള്ളവരല്ല. സ്വർഗ്ഗീയ പൗരന്മാരാണ്; ദൈവത്തിന്റെ ഭവനക്കാരാണ്. അതുകൊണ്ട് ലോകത്തിൽ ജീവിക്കുമ്പോൾ നാം ലോകമനുഷ്യരോട് അനുരൂപരാകരുത്. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട്

ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു (ഫിലി.2:15). മിസ്രയീമിൽ ഫറവോന്റെ മന്ത്രിയായി രാജ്യഭരണം നടത്തിയ യോസേഫ് നമുക്കു ദൃഷ്ടാന്തമായിരിക്കുന്നു. മറ്റൊരുദാഹരണമാണ് മോശെ. മോശെയ്ക്കു ലോകസുഖങ്ങളിൽ ഉല്ലസിക്കാൻ ധാരാളം അവസരങ്ങളുണ്ടായിരുന്നു. എന്നാൽ മോശെ തിരഞ്ഞെടുത്തത് പാപത്തിന്റെ തത്ക്കാലഭോഗത്തെക്കാളും ദൈവജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നതാണ്. മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു. അർത്ഥഹ്ശഷ്ടാ രാജാവിന്റെ പാനപാത്രവാഹകൻ നെഹെമ്യാവ്, അഹശ്വേരോശ് എന്ന ജാതീയ രാജാവിന്റെ പത്നി എസ്ഥേർ, ബാബിലോൺ എന്ന കൽദയ രാജ്യത്തു ജീവിച്ച ദാനിയേൽ തുടങ്ങിയവർ അവർ ജീവിച്ച രാജനിയമങ്ങൾക്കും ആചാരങ്ങൾക്കും അനുരൂപരാകാതെ ജീവിതം നയിച്ച ദൈവഭക്തരാണ്.

ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇവയൊക്കെയും പിശാചു കൊണ്ടുവരുന്ന ചിന്തകളാണ്. സാത്താൻ പ്രയോഗിച്ച പ്രലോഭനങ്ങളിൽ ഒന്നാംവനിതയായ ഹവ്വാ വീണുപോയി. എന്നാൽ യേശുകർത്താവ് സാത്താന്റെ പരീക്ഷണത്തെ ദൈവവചനം ആകുന്ന ആത്മാവിന്റെ വാളിനാൽ വീഴ്ത്തിക്കളഞ്ഞു. ദൈവവചനം ഉള്ളിൽ വരുമ്പോൾ നമുക്കും സാത്താന്റെ പ്രലോഭനങ്ങളെ ജയിക്കുവാൻ കൃപ ലഭിക്കുന്നു. പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ വസിക്കുന്നുവെങ്കിൽ നാം ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരായിത്തീരുന്നു. ആത്മസ്വഭാവമുള്ളവരാകുമ്പോൾ നാം നമ്മുടെ സ്വയത്തോടു (ഹൃദയത്തിലെ പാപചിന്തകളോടു) പോരാടി ജയിക്കുവാനുള്ള ശക്തി പരിശുദ്ധാത്മാവു തരുന്നു. നമ്മുടെ പോരിന്നുള്ള ആയുധങ്ങൾ ജഡികമല്ല; നമ്മുടെ അവയവങ്ങളാണ്. അതുകൊണ്ട് നമ്മുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി ദൈവത്തിന്നു സമർപ്പിക്കണം (റോമ.6:13). ആത്മാവിന്റെ വാൾ (ദൈവവചനം) കൈയ്യിലേന്തി പ്രാർത്ഥനയാൽ പോരാടണം. യേശുവിനെ ക്രിസ്തു എന്നു വിശ്വസിച്ച് വീണ്ടുംജനനം പ്രാപിച്ചവൻ ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ഈ ലോകത്തിൽ ദൈവമക്കൾക്കു കഷ്ടതയുണ്ട്. എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യ തേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വ കൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും (1 പത്രൊ. 4:8,10).

ദൈവസന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തി നമ്മുടെ കുറവുകൾ ഏറ്റുപറഞ്ഞ് ദൈവമക്കളായി ജീവിക്കുമ്പോൾ പൈശാചിക പോരാട്ട ങ്ങളിൽ വിജയം നേടുവാൻ സാധിക്കും. ജഡീകചിന്തകൾ സാത്താൻ കൊണ്ടുവരുന്നതാണ്. അവൻ നമ്മെ പാപം ചെയ്യുവാൻ പ്രേരിപ്പി ക്കുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നാം പാപസംബന്ധമായി മരിച്ചവരാണെന്നും ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നമ്മെത്തന്നെ എണ്ണുക (റോമ.6:11). നാം ദൈവകൃപയ്ക്ക് അധീ നരാകയാൽ പാപം നമ്മിൽ കർത്തൃത്വം നടത്തുകയില്ല (റോമ.6:14). അതിനായി നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കാം. നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കാം.

**ലോകത്തെ ജയിച്ചാൽ കിട്ടുന്ന പ്രതിഫലങ്ങൾ**

1. ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ പരദീസയിൽ (സ്വർഗ്ഗത്തിൽ) ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും (വെളി. 2:7). ഉത്പത്തിയിൽ നിഷേധിക്കപ്പെട്ട ജീവവൃക്ഷഫലം.

2. ജയിക്കുന്നവന്നു രണ്ടാം മരണത്താൽ ദോഷം വരികയില്ല (വെളി.2:11). ഒന്നാം മരണം ശാരീരിക മരണവും രണ്ടാം മരണം യേശുക്രിസ്തുവിൽ വിശ്വസിക്കാത്ത പാപികൾക്കൊരുക്കിയി രിക്കുന്ന തീപ്പൊയ്കയുമാണ്.

3. ജയിക്കുന്നവന്നു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും. (വെളി. 2:17). യിസ്രായേലിന്റെ മരുപ്രയാണ സമയത്ത് ലഭിച്ച ഒരു ഭോജ്യവസ്തുവാണ് മന്ന (പുറ. 16:11-15). സ്വർഗ്ഗീയ ധാന്യം (സങ്കീ. 78:24). ശക്തിമാന്മാരുടെ (ദൂതന്മാരുടെ) അപ്പം (സങ്കീ. 78:25). യഥാർത്ഥ മന്ന ഞാൻ തന്നെ ആണെന്നു യേശുക്രിസ്തു പറയുന്നു. ജീവന്റെ അപ്പം (യോഹ. 6:35-51). ആത്മീയപോരാട്ടത്തിൽ നാം അകപ്പെടുമ്പോൾ കർത്താവ് മന്ന (ദൈവവചനം) തന്ന് നമ്മെ ശക്തിപ്പെടുത്തുന്നു. സ്തെഫാനോസിനെ കല്ലെറിഞ്ഞപ്പോൾ അവൻ സ്വർഗ്ഗത്തിലേക്കു നോക്കി ഈ മറഞ്ഞിരിക്കുന്ന മന്നയെ കണ്ടു. അതുകൊണ്ട് അവൻ തനിക്കുണ്ടായ വേദന അറിഞ്ഞില്ല (അപ്പൊ. 7:56-60).

4. വെള്ളക്കല്ലു കൊടുക്കും (വെളി. 2:17). പഴയ കാലത്ത് ഒരുവൻ കോടതിയിൽ അവന്റെ പേരിലുള്ള കേസ് ജയിച്ച് കോടതി അവനെ കുറ്റക്കാരനല്ല എന്നു വിധിച്ചാൽ അവന് ഒരു വെള്ളക്കല്ല് വിജയ സൂചകമായി കൊടുക്കുന്ന പതിവുണ്ടായിരുന്നു. അതുപോലെ നാം

യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം പിശാചിനോടു പൊരുതി ജയിച്ചാൽ ദൈവം നമുക്ക് നമ്മുടെ വിജയ സൂചകമായി വെള്ളക്കല്ലു തരും. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം (1 കൊരി. 15:57).

5. വെള്ളക്കല്ലിന്മേൽ എഴുതിയ പേര് കൊടുക്കും (വെളി.2:17). ദൈവം നമുക്കു തരുന്ന വെള്ളക്കല്ലിൽ എഴുതിയിരിക്കുന്ന ഒരു പുതിയ പേരും ഉണ്ടായിരിക്കും. അതു ലഭിക്കുന്നവനല്ലാതെ ആർക്കും അറിയാൻ സാധിക്കുന്നതല്ല. ആടുകളെ പേരു ചൊല്ലി വിളിക്കുന്ന നല്ലിടയൻ നമ്മെ ആ പേരിലായിരിക്കും വിളിക്കുക.

6. ജാതികളുടെ മേൽ അധികാരം കൊടുക്കും (വെളി. 2:26).

7. ജയിക്കുന്നവർ വെള്ളയുടുപ്പു ധരിക്കും (വെളി. 3:5).

8. ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും (വെളി. 3:12).

9. ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും (വെളി. 3:21).

ദൈവനാമത്തിൽ നാം ചെയ്യുന്ന വേലകളൊന്നും വ്യർഥാവായിപ്പോകയില്ല. അവയ്ക്കൊക്കെ ദൈവം പ്രതിഫലം ഒരുക്കിയിട്ടുണ്ട്. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് (വെളി. 22:12). ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും (1 പത്രൊ. 4:13). എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ (മത്താ. 5:11,12).

**ജോയമ്മ സാംസൺ, കൊല്ലം**

***"ദൈവമേ, എന്നോടു കൃപയുണ്ടാകേണമേ;***
***എന്നോടു കൃപയുണ്ടാകേണമേ;***
***ഞാൻ നിന്നെ ശരണംപ്രാപിക്കുന്നു;***
***അതേ, ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം***
***ഞാൻ നിന്റെ ചിറകിൻ നിഴലിൽ ശരണം പ്രാപിക്കുന്നു"***
***(സങ്കീർത്തനങ്ങൾ 57:1)***

# അല്പം കുടുംബകാര്യം

ഈയിടെ ഒരു പ്രസംഗവേദിയിൽ ഒരാൾ പറയുന്നത് കേട്ടു "കുടുംബം എന്ന വാക്കിന്റെ അർത്ഥം കൂടുമ്പോൾ ഇമ്പമുണ്ടാക്കുന്നത്" എന്നാണെന്ന്. ഏതോ ഒരു ലേഖനത്തിലും അങ്ങനെ വായിക്കാനിടയായി. ഇതൊരു പുതിയ അറിവായതുകൊണ്ട് ഞാൻ 'ശബ്ദ താരാവലി' എന്ന മലയാളം നിഘണ്ടുവിൽ ഒന്നു പരതി നോക്കി അവിടെ കണ്ടത് കുടുംബം : കൂടെയുള്ളത്, അതായത്, ഭാര്യപുത്രാദികൾ, മാതാപിതാക്കൾ തുടങ്ങി ഒരുമിച്ച് പാർക്കുന്നവരുടെ കൂട്ടം, ബന്ധുജനം, മേല്പ്പറഞ്ഞവരിൽ പലരോ ചിലരോ ഒന്നിച്ചു പാർക്കുന്ന ഭവനം, ഇത്യാദി, അവിടെ ഇമ്പത്തിന്റേയോ തുമ്പത്തിന്റേയോ കാര്യം പറഞ്ഞിട്ടില്ല. കൂടുമ്പോൾ ഇമ്പം ഉണ്ടാകുന്നത് എന്നായിരുന്നെങ്കിൽ 'കൂടുമ്പം' എന്നോ 'കുടുമ്പം' എന്നോ മറ്റോ വേണ്ടിയിരുന്നു. കുടുംബം ഒരു 'പ്രതിഭാസ'മാണെന്ന് പറയുന്നതും കേട്ടിട്ടുണ്ട്. കുടുംബം ഒരു പ്രതിഭാസത്തെക്കാൾ ഉപരിയായ ഒരു പ്രസ്ഥാനമാണെന്ന് നിസ്സംശയം പറയാം.

ഞാൻ ഒരു വിദേശ രാജ്യത്ത് ജോലിക്ക് ചേർന്നപ്പോൾ 'നിന്റെ കുടുംബത്തെ എന്നാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്' എന്ന് മേൽ ഉദ്യോഗസ്ഥൻ അന്വേഷിക്കുകയുണ്ടായി. "അയ്യോ എനിക്ക് കുടുംബം ഒന്നുമായിട്ടില്ല. ഞാൻ വിവാഹം കഴിച്ചിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളൂ" എന്ന് പറഞ്ഞപ്പോൾ "നീ വിവാഹിതനായതുകൊണ്ട് ഒരു കുടുംബത്തിന്റെ ഭാഗമായി കഴിഞ്ഞു. എപ്പോഴാണ് മറ്റേ ഭാഗത്തെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് എന്നാണ് ഞാൻ ചോദിച്ചതിന്റെ അർത്ഥം" എന്ന് അദ്ദേഹം പറഞ്ഞുതന്നു. ഭാര്യയും ഭർത്താവും ചേർന്ന് കഴിയുമ്പോൾത്തന്നെ ഒരു കുടുംബമായിക്കഴിഞ്ഞു എന്ന് ഞാൻ മനസ്സിലാക്കി. ദൈവം ആദാമിനെയും ഹവ്വയെയും ഒരുമിച്ച് ചേർത്തപ്പോൾ തന്നെ ആദ്യത്തെ കുടുംബം ഉളവാക്കപ്പെട്ടു. മനുഷ്യനെ സംബന്ധിച്ചിടത്തോളം കുടുംബജീവിതം എന്നുള്ളത് ദൈവത്തിന്റെ പദ്ധതിയിലുൾപ്പെട്ടതാണ്. കുടുംബജീവിതം എന്നുള്ളത് പരിപാവനമായ ഒന്നാണ്. എന്നാൽ അതിനെ മലീമസമാക്കുന്ന അനേക കാര്യങ്ങൾ ഇന്ന് നമ്മുടെ ചുറ്റുപാടും നടമാടുന്നുണ്ട്.

എന്നാൽ അത്തരം കാര്യങ്ങൾ ഈ ലേഖനത്തിന്റെ ഉദ്ദേശ്യപരിധിയിൽ ഉൾപ്പെടുന്നില്ല. കുടുംബം എന്ന വാക്ക് കേൾക്കുമ്പോൾ മാതാ

പിതാക്കളും മക്കളും കൊച്ചുമക്കളും മുത്തശ്ശനും മുത്തശ്ശിയും ഒക്കെ ഉൾപ്പെട്ട ഒരു ഭവനമാണ് നമ്മിൽ പലരുടെയും മനസ്സിൽ രൂപപ്പെടുന്നത്. എന്നാൽ അത്തരം കൂട്ടുകുടുംബങ്ങൾ (joint families) ഇന്ന് നിലവിലില്ലെന്നുതന്നെ പറയാം. ഭാര്യയും ഭർത്താവും കഷ്ടിച്ച് ഒന്നോ രണ്ടോ മക്കളും മാത്രമുള്ള അണുകുടുംബങ്ങ (nuclear families)ളാണ് ഇന്നത്തെ ഭൂരിപക്ഷം കുടുംബങ്ങളും എന്ന് കാണാവുന്നതാണ്.

നാട്ടിൻപുറത്തുള്ള ഒരു സുഹൃത്തിനെ സന്ദർശിക്കുന്നതിനു വേണ്ടി അദ്ദേഹത്തിന്റെ വീട്ടിൽ അനേക വർഷങ്ങൾക്ക് മുമ്പ് പോയ കാര്യം ഓർമ്മയിൽ വരുന്നു. പഴയ രീതിയിലുള്ള ഒരു വലിയ വീട് വിശാലമായ വരാന്തയുടെ ഒരറ്റത്ത് ഇട്ടിരിക്കുന്ന ചാരുകസേരയിൽ വന്ദ്യവയോധികനായ പിതാവ് ഒരു മൂളിപ്പാട്ടും പാടിക്കൊണ്ട് വിശ്രമിക്കുന്നു. വിവാഹിതരായ മൂന്ന് ആൺമക്കളും അവരുടെ കുടുംബങ്ങളും അവിവാഹിതരായ രണ്ട് പെൺമക്കളും വിഭാര്യനായ ഒരു അമ്മാവനും ഒരുമിച്ച് ഒരേ വീട്ടിൽ താമസിക്കുന്നു. ഞാൻ മനസ്സിലാക്കിയിടത്തോളം ആ ഭവനത്തിൽ ഒരു അടുക്കള (Kitchen) മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്ത്രീകൾ ഒന്നിച്ച് ചേർന്ന് ഭക്ഷണം പാകം ചെയ്യുകയും എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. വളരെ സന്തോഷത്തോടും ഐക്യത്തോടും കഴിയുന്ന ഒരു മാതൃകാ ക്രിസ്തീയ ഭവനം. ചുരുക്കിപ്പറഞ്ഞാൽ ഒരു വിശാലകുടുംബത്തെ (extended family) യാണ് എനിക്ക് അവിടെ കാണാൻ സാധിച്ചത്, കാലക്രമത്തിൽ സഹോദരന്മാർ ഉദ്യോഗാർത്ഥം മാറി താമസിക്കേണ്ടി വരുകയും പെൺ മക്കളെ വിവാഹം കഴിപ്പിച്ച് വിടുകയും ചെയ്തപ്പോൾ വിശാലമായ കുടുംബം പല അണു കുടുംബങ്ങളായി മാറി. എങ്കിലും അവർ ഇടയ്ക്കിടെ ഒത്തു ചേരുകയും കുടുംബ ബന്ധങ്ങൾ അഭംഗുരമായി കാത്തുസൂക്ഷിക്കുകയും ചെയ്തതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്.

എന്നാൽ ഇന്ന് പല കുടുംബങ്ങളിലെയും സ്ഥിതി തികച്ചും വ്യത്യസ്തമാണ്. സഹോദരങ്ങൾ മാറി താമസിച്ചു തുടങ്ങുമ്പോൾ മുതൽ മാതാപിതാക്കളും സഹോദരങ്ങളും (മക്കൾ) തമ്മിലുണ്ടാകുന്ന സ്നേഹബന്ധത്തിന്റെ ദാർഢ്യം കുറഞ്ഞുവരുന്നതായി കാണപ്പെടാറുണ്ട്.

ഈ അവസ്ഥ ഒരു പരിധിവരെ ന്യായീകരിക്കാമെങ്കിലും കാലക്രമത്തിൽ ബന്ധങ്ങൾ ശിഥിലമാകയും സ്വാർത്ഥത വർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് എത്തിച്ചേരാറുണ്ട്. സ്വാർത്ഥത മൂത്തു മൂത്ത് ഒടുവിൽ “ഞാനും എന്റെ ഭാര്യയും പിന്നെ ഒരു തെങ്ങു കയറ്റക്കാരനും” മാത്രമുള്ള ഒരു ലോകമായിരിക്കും ഭവനത്തിൽ രൂപപ്പെടുന്നത്.

ഇന്നത്തെ ഭൂരിപക്ഷം കുടുംബങ്ങളിലും വൃദ്ധജനങ്ങൾക്ക് വലിയ സ്ഥാനമില്ല. തറവാട്ടിൽ നിന്നും മാറി മക്കളോടൊപ്പം താമസിക്കേണ്ടി വരുന്ന പല മാതാപിതാക്കളുടെയും അവസ്ഥ ദയനീയമാണ്. പ്രത്യേകിച്ച് നാട്ടിലുണ്ടായിരുന്ന വസ്തുവകകൾ വിറ്റു പെറുക്കി ദൂരദേശങ്ങളിൽ സ്ഥിരതാമസം ഉറപ്പിച്ചിരിക്കുന്ന മക്കളോടൊപ്പം പോയി താമസിക്കേണ്ടിവരുന്ന മാതാപിതാക്കളുടെ ജീവിതം പലപ്പോഴും അത്ര സന്തോഷപ്രദമായിരിക്കയില്ല. ഔദ്യോഗിക ജീവിതത്തിൽ ഉയർന്ന നിലയിലിരുന്ന ശേഷം റിട്ടയർ ചെയ്തവരും ധാരാളം ആജ്ഞാനുവർത്തികൾ ഉണ്ടായിരുന്നവരുമൊക്കെ ഈ കൂട്ടത്തിൽ കണ്ടേക്കാം. അവർ കേവലം 'രണ്ടാം ക്ലാസ് പൗരന്മാരായി' മാറുന്ന സ്ഥിതിവിശേഷം കാണാൻ കഴിയും. നാട്ടിലെ കൂട്ടുകുടുംബങ്ങളിലെ 'കാരണവർ' സ്ഥാനവും മക്കളുടെയും കൊച്ചുമക്കളുടെയും നാട്ടുകാരുടെയും സ്നേഹ ബഹുമാനാദികൾ ആർജ്ജിച്ചുള്ള ജീവിതവും എല്ലാം ഏതോ ഭൂതകാലത്തിന്റെ നിറംമങ്ങിയ ഓർമ്മകൾ മാത്രം.

മാതാപിതാക്കൾക്ക് എത്ര പ്രായം ചെന്നാലും ചിലപ്പോൾ രോഗാതുരരായി തികച്ചും ശയ്യാവലംബികളായിത്തീർന്നാലും അവർ ജീവിച്ചിരിക്കുന്നിടത്തോളം കാലം ഭവനത്തിലെ പ്രഥമസ്ഥാനം അവർക്കായിരിക്കണം. ചില മാതാപിതാക്കൾക്ക് വിദ്യാഭ്യാസം കുറവായിരിക്കാം. എങ്കിലും സുപ്രധാന തീരുമാനങ്ങൾ എടുക്കുമ്പോൾ അവർക്ക് മനസ്സിലാക്കത്തക്ക രീതിയിൽ കാര്യങ്ങൾ അവരെ ഗ്രഹിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ ആരായേണ്ടതുമാണ്. തങ്ങൾ ഒരു അധികപ്പറ്റ് ആണെന്നുള്ള ചിന്ത ഒരിക്കലും അവർക്ക് ഉണ്ടാകുവാൻ പാടില്ല.

മാതാപിതാക്കളെ ബഹുമാനിക്കുന്നതിനെക്കുറിച്ച് അനേക പരാമർശങ്ങൾ തിരുവചനത്തിലുണ്ട്. അവയിൽനിന്നും രണ്ട് വേദഭാഗങ്ങൾ മാത്രം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കട്ടെ.

"....നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചതുപോലെ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക" ആവർത്തനം 5:16 (b)

"നിന്നെ ജനിപ്പിച്ച അപ്പന്റെ വാക്കു കേൾക്ക"

"നിന്റെ അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുത്" (സദൃശ.23:22)

**ജോർജ് ജോൺ, തിരുവനന്തപുരം**

# യേശുക്രിസ്തു നിസ്തുല്യൻ

എബ്രാ 7:4 “ഇവൻ എത്ര മഹാൻ എന്ന് നോക്കുവിൻ”. യേശുക്രിസ്തുവിന്റെ നിസ്തുല്യതയെക്കുറിച്ചാണ് ഈ വാക്യത്തിൽ പരാമർശിക്കുന്നത്. നമ്മുടെ കർത്താവ് നിസ്തുല്യനാണ്. ആ പദവി ഓർത്ത് വേണം അവന് സ്തുതി സ്തോത്രം അർപ്പിക്കാൻ. ഇന്ന് ലോകം അനേകം വ്യക്തിത്വങ്ങളെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നത് കാണാൻ സാധിക്കും. അവരുടെ എല്ലാം ജീവിതത്തിൽ പല അനുകരണീയമായ ഗുണങ്ങൾ ഉണ്ടെങ്കിലും അവരാരും പരിപൂർണ്ണരല്ലായിരുന്നു. അനേക മതസ്ഥാപകരെയും ജ്ഞാനികളെയും കുറിച്ച് പഠിച്ചാൽ അവരാരും യേശുക്രിസ്തുവിനോട് തുലനം ചെയ്യുവാൻ അർഹതയില്ലാത്തവരാണ്. അതുകൊണ്ടാണ് എബ്രായ ലേഖനകാരൻ പറയുന്നത് ഇവൻ എത്ര മഹാൻ (7:4). നമുക്ക് പ്രാർത്ഥനയോടു കൂടി യേശുവിനെ ശ്രദ്ധിച്ചു നോക്കാം (എബ്രാ. 3:1).

**1. പ്രവചനപുരുഷൻ (He was a Man of Prophecies)**

യേശുക്രിസ്തുവിന്റെ ജനനം, ശുശ്രൂഷ, കഷ്ടാനുഭവം, മരണം, പുനരുത്ഥാനം എന്നിവ യാദൃച്ഛിക സംഭവങ്ങളായിരുന്നില്ല. ബഹുശതം വർഷങ്ങൾക്കു മുമ്പ് പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്യപ്പെട്ടവയായിരുന്നു.

**2. ജനനത്തിൽ നിസ്തുല്യൻ (He was unique in birth)**

ആദിയിൽ വചനം ഉണ്ടായിരുന്നു.വചനം ദൈവമായിരുന്നു വചനം ജഡമായിത്തീർന്നു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു (യോഹ. 1:18). ത്രിത്വത്തിൽ ഒരുവനായ ക്രിസ്തു നിസ്തുലവും അത്ഭുതകരവുമായ വിധത്തിൽ പുരുഷബന്ധം കൂടാതെ കന്യകയിൽ നിന്ന് ഭൂജാതനായി (യെശ. 7:1; മത്താ. 1:20).

**3. ജീവിതത്തിൽ നിസ്തുല്യൻ (He was unique in life)**

ഈ ലോകത്തിൽ പൂർണ്ണ മനുഷ്യനായി ജീവിച്ചപ്പോൾ നീതി, വിശുദ്ധി, വിനയം, സ്നേഹം, ദീർഘക്ഷമ എന്നീ ഗുണങ്ങൾ തന്റെ ശത്രുക്കളെപ്പോലും അത്ഭുതപ്പെടുത്തിയിരുന്നു (ലൂക്കൊ.1:35, മർക്കൊ. 1:24, പ്രവൃ. 3:14).

നന്മചെയ്യുകയും പിശാച് ബാധിച്ചവരെ സൗഖ്യമാക്കുകയും രോഗികളെ സൗഖ്യമാക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തു (ലൂക്കൊസ് 4:40).

**4. ആളത്വത്തിൽ  നിസ്തുല്യൻ (He was unique in His being)**

യേശുക്രിസ്തുവിൽ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആയി അത്ഭുതകരമായി സംയോജിച്ചിരുന്നു. യേശു ദാവീദ് പുത്രൻ ആയിരിക്കുമ്പോൾ (മത്താ. 1:1)  തന്നെ ദാവീദിന്റെ കർത്താവുമായിരുന്നു (മത്തായി 22: 43-46).

**5. ഉപദേശത്തിൽ നിസ്തുല്യൻ (He was unique in His doctrine)**

യേശു സംസാരിച്ചതുപോലെ ആരും ഇന്നുവരെ സംസാരിച്ചിട്ടില്ല (യോഹ. 7:8). തന്റെ വചനങ്ങൾ പ്രവാചകന്മാരുടേതിൽ നിന്നും ശ്രേഷ്ഠതയേറിയതും അധികാരത്തോടു കൂടിയതുമായിരുന്നു. തന്റെ ഉപദേശങ്ങൾ എല്ലാവർക്കും ഗുണകരമായിരുന്നു.

**6. മരണത്തിൽ നിസ്തുല്യൻ (He was unique in His death)**

യേശുക്രിസ്തുവിന്റെ മരണം സ്വാഭാവിക മരണമോ, രക്തസാക്ഷി മരണമോ, സ്വന്ത പാപങ്ങൾക്കുവേണ്ടിയുള്ള മരണമോ, ആയിരുന്നില്ല. മറിച്ച് പ്രായശ്ചിത്ത മരണം, പാപപരിഹാരമരണം എന്നീ നിലകളിലത്രേ യേശു മരിച്ചത്. അത് പാപികളുടെ രക്ഷയ്ക്കും വേണ്ടിയായിരുന്നു. അവിടെയും യേശു നിസ്തുല്യൻ ആയിരുന്നു. അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്ന് പറഞ്ഞ് പീലാത്തോസ് യേശുവിനെ ക്രൂശിക്കാൻ ഏല്പ്പിച്ചു കൊടുത്തു. (ലൂക്കൊ. 23:4) യേശുവിന്റെ ക്രൂശുമരണം ഏറ്റവും നിസ്തുല്യമാണ്. "നീതിയുടെയും, ശക്തിയുടെയും, ജ്ഞാനത്തിന്റെയും പ്രദർശനമായി ക്രൂശുമരണം മാറി".

**7.  ഉയിർപ്പിൽ നിസ്തുല്യൻ (He was unique in His resurrection)**

ലോകത്തിലെ മഹാന്മാരുടെയും മത ഗുരുക്കന്മാരുടെയും എല്ലാം കല്ലറ അടയ്ക്കപ്പെട്ടു കിടക്കുമ്പോൾ ക്രിസ്തുവിന്റെ തുറക്കപ്പെട്ട കല്ലറ ഒരു യാഥാർത്ഥ്യമായിരുന്നു. യേശുവിന്റെ പുനരുത്ഥാനത്തെ തുടർന്ന് തന്റെ ശിഷ്യന്മാരിൽ ആർജ്ജിച്ച ധൈര്യം, സാക്ഷ്യം, സഭയുടെ വളർച്ച ഇവയെല്ലാം ഈ മഹൽ സംഭവത്തെ വിളംബരം ചെയ്യുന്നു.

**8. പൗരോഹിത്യത്തിൽ നിസ്തുല്യൻ (He was unique in His priesthood)**

യേശുക്രിസ്തു ദൂതന്മാരെക്കാൾ മോശയെക്കാൾ അഹരോനെക്കാൾ എത്ര ശ്രേഷ്ഠനാണ് എന്നാണ് എബ്രായലേഖന കർത്താവ് പറയുന്നത്. എല്ലാ നിലകളിലും നിസ്തുല്യനായ കർത്താവിനെ അറിയുന്നത് എത്ര ഭാഗ്യകരമാണ്.  പരിപാലിക്കുന്ന ഇടയനും ജീവന്റെ വെളിച്ചവും സൗഖ്യദായകനും നമുക്ക് വേണ്ടി സദാ ജീവിക്കുന്നവനും മഹാപുരോഹിതനും നമ്മെ ചേർക്കാൻ എത്രയും വേഗം മടങ്ങിവരുന്നവനുമായ അരുമ മണവാളനാണ് നിസ്തുല്യനായ ക്രിസ്തു എന്നു നാം മനസ്സിലാക്കണം.

**സിനി ബിനു, വെണ്ണിക്കുളം, തിരുവല്ല**

# വീണുപോയ മനുഷ്യനും വീണ്ടെടുപ്പുകാരനായ ദൈവവും

“അത്ഭുതവും അതിശയകരവുമായി സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. ആദാം ദൈവത്തിന്റെ മകൻ. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവൻ. ദൈവത്തിന്റെ സ്വഭാവ വിശേഷ ണങ്ങളുമായി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ.

ദേഹം മണ്ണിൽ നിന്നും രൂപപ്പെടുത്തിയ ശരീരം. ആത്മാവ് ദൈവം തന്റെ കരത്താൽ രൂപപ്പെടുത്തിയ ദേഹത്തിന്റെ മേൽ ദൈവത്തിന്റെ ആത്മാവ് ചെന്നപ്പോഴാണ് മനുഷ്യൻ ജീവനുള്ളവനായത്. ആത്മാവ് സൃഷ്ടിക്കപ്പെട്ടതല്ല ദൈവത്തിൽ നിന്നും വന്നതാണ് ഉൽപത്തി 2:7. യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. ദേഹി ദേഹത്തിലേക്ക് ആത്മാവ് വന്നപ്പോൾ മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. മനുഷ്യശരീരത്തിൽ വ്യാപിച്ചു കിടക്കുന്ന പ്രാണനാണ് ദേഹി. ജീവനും വ്യക്തിത്വവും എല്ലാം ദേഹിയിലാണ്. മനുഷ്യന്റെ നിലനില്പ്പിനെ സാദ്ധ്യമാക്കുന്നതായ ബുദ്ധി, മനുഷ്യന്റെ തീരുമാനം എടുക്കാനുള്ള അവയവമായ ഇച്ഛാശക്തി, ചിന്തയുടെ കേന്ദ്രമായ മനസ്സ്, ഭാവങ്ങളുടെ പ്രകടനമായ വികാരങ്ങൾ ഇവയുടെയെല്ലാം സംഗമസ്ഥാനമാണ് ദേഹി. ജീവൻ സസ്യജാലത്തിലും മൃഗങ്ങളിലും ഉണ്ട്. ഈ രണ്ടുതരം ജീവനും ദൈവത്തിന്റെ വായിലെ വചനത്താൽ ഉളവായി. എന്നാൽ മനുഷ്യന്റെ ജീവൻ ദൈവത്തിന്റെ കരത്താൽ രൂപപ്പെട്ട ശരീരത്തിന്മേൽ ദൈവം തന്റെ ആത്മാവിനെ നല്കിയപ്പോൾ ഉളവായതാണ്. ദേഹി ദേഹത്തിലൂടെ ലോകത്തോടും, ആത്മാവിലൂടെ ദൈവത്തോടും ബന്ധപ്പെടുന്നു. ആത്മാവ് ദേഹിയിലൂടെ യാണ് ദേഹത്തെ ഭരിക്കുന്നത്. ദൈവത്തിനായി ദേഹത്തെ വേർതിരിക്കു ന്നതും മനുഷ്യനെ ആവരണം ചെയ്തിരുന്ന ദൈവത്തിന്റെ തേജസ്സ് ആത്മാവിനാൽ ദേഹിയെയും ദേഹി ദേഹത്തെയും നിയന്ത്രിച്ചിരിക്കുന്ന കാലം മനുഷ്യന്റെ ആനന്ദകാലമാണ്. സമാധാനത്തിന്റെ കാലമായിരുന്നു. ദേഹവും ദേഹിയും ആത്മാവും പൊരുത്തത്തിൽ ഉള്ള സമയം ഉൽപത്തി രണ്ടാം അദ്ധ്യായം. ശരീരത്തിൽ രോഗങ്ങളോ, ദുഃഖങ്ങളോ, വേദനയോ ഒന്നുമില്ലാത്ത സമയം. മനുഷ്യൻ സമാധാനത്തിൽ ജീവിക്കുന്നതായി കാണാം.

ആദാമിന്റെ മുമ്പിലൂടെ കടത്തിവിട്ട മൃഗങ്ങൾക്ക് അവയുടെ

സ്വഭാവങ്ങൾക്കനുസരിച്ച് പേരിടുവാനുള്ള ബുദ്ധിശക്തിയും അവയിൽ നിന്നും തനിക്ക് തുണയായി തിരഞ്ഞെടുക്കാത്ത ഇച്ഛാശക്തിയും ഉണ്ടായിരുന്നു. ഗാഢനിദ്രയിൽ തന്നിൽ നിന്നും വേർതിരിച്ച നാരിയെ തിരിച്ചറിഞ്ഞ് അവളോട് പറ്റിച്ചേരാനുള്ള ആത്മീയ അറിവ് മനുഷ്യന് ഉണ്ടായിരുന്നു. സകലത്തിനും യജമാനനായി മനുഷ്യൻ വാണത് ആ കാലത്തായിരുന്നു. മനുഷ്യന്റെ യജമാനനായ ദേഹിയെ ദൈവത്തിന്റെ ആത്മാവിനാൽ വാണിരുന്ന കാലം മനുഷ്യൻ പ്രശ്നരഹിതനായി രുന്നു. ദൈവവുമായുള്ള അവന്റെ ബന്ധം ഊഷ്മളമായിരുന്നു. പൊരുത്തക്കേടുകൾ ഇല്ലാത്ത കാലം, ശരീരം പ്രകൃതിയോടും, ദേഹം ആത്മാവോടും, ആത്മാവ് ദൈവത്തോടും സജീവ ബന്ധത്തിലായി രുന്നു. ദൈവത്തിന്റെ സ്വരൂപത്തിലും, സാദൃശ്യത്തിലും ആത്മാവിലും ദൈവിക സ്വഭാവത്തിലും മനുഷ്യൻ നിറഞ്ഞു നിന്ന് ദൈവം സൃഷ്ടിച്ച യഥാർത്ഥ മനുഷ്യൻ. മനുഷ്യനെ ദൈവം സൃഷ്ടിച്ചത് ഒരു യന്ത്രമായിട്ടല്ല. ദൈവത്തെ അനുസരിക്കുകയോ, അനുസരിക്കാതെയിരിക്കുകയോ മനുഷ്യനു ചെയ്യാമായിരുന്നു. ചിന്താശേഷിയും തീരുമാനശക്തിയുമുള്ള വനായിട്ടാണ് ദൈവം സൃഷ്ടിച്ചത്.

ഏദൻ തോട്ടത്തിൽ മൂന്നുതരം ഫലങ്ങളെ കാണുന്നു ദേഹത്തിന് പുഷ്ടിയും ഓജസ്സും നല്കുന്ന വിവിധതരം വൃക്ഷഫലങ്ങൾ. അവ ഇഷ്ടം പോലെ മനുഷ്യൻ തിന്നുകയും ചെയ്യുമായിരുന്നു. എന്നാൽ ദൈവം വിലക്കിയത് "നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്" എന്നാണ് ഉൽപത്തി 2:17. അറിവിന്റെ വൃക്ഷത്തിന്റെ ഫലം ദേഹിയെ ഉത്തേജിപ്പിക്കുന്നതും ദേഹിയോട് ബന്ധപ്പെട്ടതും ആയിരുന്നു. ആത്മാവിനാൽ ഉളവാക്കപ്പെട്ട ദേഹി ഈ വൃക്ഷഫലം തിന്നതോടുകൂടെ പുഷ്ടിപ്പെടുകയും ആത്മാവ് നിർജ്ജീവാവസ്ഥയിൽ ആയിത്തീരുകയും ചെയ്യുമെന്ന് ദൈവത്തിന് അറിയാമായിരുന്നു. "തിന്നുന്ന നാളിൽ നീ മരിക്കും" ദേഹത്തിന്റേയോ, ദേഹിയുടെയോ മരണമല്ല അവിടെ സംഭവിച്ചത് ആത്മാവിന്റേതാണ്. ദൈവത്തോട് ബന്ധപ്പെടുവാൻ കഴിയുന്ന സ്വതന്ത്രമായ അവസ്ഥയാണ് അത് മൂലം മരിച്ചത്. കൗശലക്കാരനായ പാമ്പിന്റെ ചോദ്യത്തിനുശേഷം വൃക്ഷ ഫലം വീക്ഷിച്ച സ്ത്രീയുടെ വീക്ഷണത്തിൽ വന്ന മാറ്റം കാണാം. "തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും" എന്നു സ്ത്രീ കണ്ടു. മനുഷ്യന്റെ ലൗകികതയുടെ മൂന്ന് ഭാഗങ്ങളെന്ന് ബൈബിൾ പറയുന്നു. "ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം" എന്നിവ സ്ത്രീയിൽ കാണുന്നു. എന്നാൽ മനുഷ്യന്റെ ചിന്തയെ ഒരു ചോദ്യത്തിലൂടെ വഴി തിരിച്ചുവിട്ട പൈശാചിക തന്ത്രം നാം ഇവിടെ ഈ സംഭവത്തിൽ കാണുന്നു.

വികാരത്തെ ഇളക്കിവിട്ട് ഇച്ഛാശക്തിയെ വഴി തിരിച്ച് വിട്ട പൈശാചിക തന്ത്രം.

ദേഹത്തിന്റെ ആവശ്യത്തെ മുൻനിർത്തിയുള്ള ചോദ്യം യുക്തി സഹജമാണ്. ഇതേ തന്ത്രവുമായി യേശുവിന്റെ അരികിലും പഴയ പാമ്പ് എത്തി. പക്ഷേ അവിടെ ദേഹി അല്ല ആത്മാവ് ജയിച്ചു. അനുസരണ ക്കേട് കാണിച്ച മനുഷ്യന് ദൈവതേജസ്സ് നഷ്ടമായി. അതോടുകൂടെ ദേഹിയെ വാണിരുന്ന ആത്മാവ് നിർജ്ജീവ അവസ്ഥയിലായി.

മനുഷ്യനും ദൈവിക ബോധം നഷ്ടപ്പെട്ടു. സ്വയബോധം ഉയർന്നു വന്നു. ദേഹി മനുഷ്യനെ വാഴുവാൻ തുടങ്ങി. മനുഷ്യനുവന്ന പരാജയം എത്ര ഭീകരമാണ്. പാപത്താൽ ദൈവിക ഭാവങ്ങൾ നഷ്ടമായ മനുഷ്യനെ ജഡവും മനോവികാരങ്ങളും വാഴുവാൻ തുടങ്ങി. അർത്ഥാൽ മനുഷ്യൻ മൃഗതുല്യനായി മാറി ദൈവാത്മാവ് വാണിരുന്ന മനുഷ്യനെ ലോകത്തിന്റെ കാലഗതികളും, അനുസരണക്കേടിന്റെ ആത്മാവ് വാഴുവാൻ തുടങ്ങി എന്നതാണ് മനുഷ്യനു വന്ന ഏറ്റവും വലിയ തകർച്ച (വീഴ്ച). മരിക്കുവാൻ വിധിക്കപ്പെട്ട മനുഷ്യൻ ഏദനിൽ നിന്നും പുറത്താക്കപ്പെട്ടു. ജീവന്റെ വൃക്ഷഫലം മനുഷ്യന് അന്യമായിത്തീർന്നു, നന്മ തിന്മകളുടെ അറിവിന്റെ ഫലം മനുഷ്യശരീരത്തിലും ദുരവസ്ഥ കൊണ്ടുവന്നു മനുഷ്യൻ അരിഷ്ടനായി തീർന്നു. എത്ര രക്ഷപ്പെടുവാൻ ആഗ്രഹിച്ചാലും കഴിയാത്ത അവസ്ഥയാണ് മനുഷ്യന് സംഭവിച്ചത്, അതായത് അനുസരണക്കേട്. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയിൽ ഉൽകൃഷ്ടഭാവമുള്ളവനാണ്. ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവൻ. സകല ത്തെയും വാഴുവാൻ ദൈവം മനുഷ്യന് അധികാരം നല്കി. യജമാനനായി വാണിരുന്ന കാലം മനുഷ്യനും അവന്റെ കുടുംബത്തിനും ആനന്ദ കാലമായിരുന്നു. ദൈവത്തിന്റെ പദ്ധതിയെ സംശയിച്ച മനുഷ്യൻ അനു സരണക്കേടിൽ വീണ് അടിമയായി സ്വന്തം മനസ്സിനെവരെ നിയന്ത്രി ക്കുവാൻ കഴിയാത്തവനായി . ഇച്ഛിക്കാത്ത തിന്മ ചെയ്യുന്നു. ആഗ്രഹിക്കു ന്നപോലെ പ്രവർത്തിക്കുവാൻ കഴിയാത്ത അരിഷ്ടമനുഷ്യനായി മാറി. റോമൻ 7-ൽ പൗലൊസ് വിവരിക്കുന്നു നന്മ ചെയ്യുവാൻ ആഗ്രഹമുണ്ട് ചെയ്യുന്നതോ, ഇല്ല. അവയവങ്ങളിൽ വാഴുന്ന പാപത്തിന്റെയും മരണ ത്തിന്റെയും പ്രമാണം മനുഷ്യനെ നിസ്സഹായനാക്കുന്നു. ഇന്നത്തെ അശു ദ്ധിക്കും അതിരാഗത്തിനും, ദുഷ്ടതയ്ക്കും കാരണം മനുഷ്യൻ മർത്യനായി മാറിയതാണ്. ദൈവത്തിന്റെ അരുളപ്പാട് ലംഘിച്ച് പാപം ചെയ്തു അനുസരണക്കേട് കാണിച്ചു, ഏറ്റവും വലിയ പാപം മനുഷ്യൻ ചെയ്തത് അനുസരണക്കേടാണ്. (തുടരും)

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

# മക്കളുടെ നിലവിളി കേൾക്കുന്ന പിതാവ്

ഈ എളിയവൻ നിലവിളിച്ചു, യഹോവ കേട്ടു; അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ രക്ഷിച്ചു (സങ്കീ. 34:2). ദാവീദ് മരുഭൂമിയിൽ ഉഴന്നുനടന്ന നാളുകളിൽ പലപ്പോഴും ഉറക്കെ നിലവിളിച്ച അനുഭവ ങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ ദൈവം അവന്റെ നിലവിളികേട്ട് തക്കസമയത്ത് വിടുതൽ നല്കിയതായി ദാവീദിന്റെ സാക്ഷ്യം സങ്കീർ ത്തനങ്ങളിലൂടെ നാം വായിച്ചറിഞ്ഞിട്ടുള്ളതാകുന്നു. ദാവീദിന്റെ കണ്ണു നീർ ദൈവം തന്റെ തുരുത്തിയിൽ ആക്കിവെയ്ക്കേണമെ എന്നു പറയത്തക്കവണ്ണം ദാവീദ് നിലവിളിച്ചതായി കാണാം. കരഞ്ഞു കരഞ്ഞു തന്റെ കണ്ണുനീർകൊണ്ട് കട്ടിലിനെ നനയ്ക്കത്തക്കവണ്ണം ദാവീദു കരഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. നാം ഒരോരുത്തരും ജനി ക്കുന്നതുതന്നെ കരഞ്ഞും കൊണ്ടാണല്ലോ. ജീവിതത്തിൽ കരയാത്ത ആരെങ്കിലും കാണുമോ എന്നു സംശയമാകുന്നു. ആരും കാണാതെ മൗനമായി കരയുന്നവരുണ്ട്. എല്ലാവരും കാൺകെ ഉറച്ചനിലവിളി യോടെ വിലപിക്കുന്നവരുമുണ്ട്. കരയുമ്പോൾ നമ്മോടുകൂടെ കരയുന്ന ഒരു കർത്താവുണ്ട് എന്നു വിശ്വസിച്ച് ആശ്വസിക്കുന്നവർ എത്രകാണും.!.

പലവിധ കാരണങ്ങളാലായിരിക്കാം നാം കരയുന്നത്. കാരണം എന്തുതന്നെയായാലും ഹൃദയം വേദനിക്കുന്ന അനുഭവങ്ങളിലൂടെ കടക്കുമ്പോഴാണല്ലോ നാം കരയുന്നത്. ആരും കാണുന്നില്ല; ആരും സഹായത്തിനില്ലല്ലോ; ഇനി എന്തു ചെയ്യും; മുമ്പോട്ടു പോകുവാൻ ഒരു വഴിയും കാണുന്നില്ല എന്നോർത്തു നിരാശയിൽ കഴിഞ്ഞ് ആത്മഹത്യവരെ ചെയ്യുന്നവരും ഇല്ലാതില്ല. ഈയിടെ ഒരു പെന്ത ക്കൊസ്ത് പാസ്റ്റർ ആത്മഹത്യ ചെയ്ത വാർത്ത കേൾക്കാനിടയായി. അതു വളരെ അത്ഭുതകരമായി തോന്നി. കരയുന്നവരെ ആശ്വസിപ്പിച്ച് അവരോടൊത്ത് സഹതപിച്ച് പ്രാർത്ഥിച്ച് ധൈര്യപ്പെടുത്തേണ്ട പാസ്റ്റർ ആത്മഹത്യ ചെയ്തത് അവിശ്വസനീയമായി തോന്നി. പ്രിയമുള്ളവരേ നാം കരയുമ്പോൾ നമ്മോടൊപ്പം കരയുന്ന ഒരു കർത്താവിൽ നാം വിശ്വസിച്ചാശ്രയിച്ചാൽ നമ്മുടെ ദുഃഖം എത്ര വലുതായാലും, ഏതു കാരണം കൊണ്ടായാലും നമ്മെ ആശ്വസിപ്പിക്കുവാൻ നമ്മോടുകൂടെ ഒരു കർത്താവുണ്ട് എന്നു വിശ്വസിക്കുക. മാർത്തയുടെയും മറിയയു ടെയും കരച്ചിൽ കണ്ടു മനം നൊന്തുകരഞ്ഞ ദൈവപുത്രനായ ക്രിസ്തു നമുക്കുവേണ്ടി കാൽവരി ക്രൂശിൽകിടന്ന് ഉറക്കെ നിലവിളിച്ചവ

നാകുന്നു. ദുഃഖത്തിന്റെ പാനപാത്രം മട്ടോളം ഊറ്റിക്കുടിച്ച് നമുക്കു വേണ്ടി കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായ കർത്താവിന് തന്റെ മക്കളുടെ കരച്ചിൽ കണ്ടു സഹിക്കാനാകയില്ല എന്നതിന്റെ ഒരു പ്രത്യക്ഷ കാഴ്ചയല്ലേ മാർത്തയുടെയും മറിയയുടെയും കൂടിവന്നു കരയുന്ന യഹൂദന്മാരുടെയും മുമ്പിൽ ദൈവപുത്രൻ ഉള്ളം നൊന്തു കലങ്ങി കണ്ണുനീർ വാർത്തത്. തന്റെ സ്വന്തം രക്തം കൊടുത്തു വിലയ്ക്കു വാങ്ങി തന്റെ സ്വന്തമാക്കിയ ദൈവമക്കളുടെ നിലവിളി കേൾക്കാതിരിക്കയില്ല. “യഹോവയുടെ കണ്ണു നീതിമാന്മാരുടെമേലും, അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു'' എന്നുമാത്രമല്ല ''നീതിമാന്മാർ നിലവിളിച്ചു യഹോവ കേട്ടു സകല കഷ്ടങ്ങളിൽ നിന്നും അവരെ വിടുവിച്ചു” എന്നു പറയത്തക്ക അനുഭവം ദാവീദു തന്റെ സങ്കീർത്തനത്തിൽ വിവരിച്ചിരിക്കുന്നു. നമ്മുടെ നിലവിളിയുടെ ശബ്ദം കേൾക്ക മാത്രമല്ല, നമ്മോടുകൂടെ കരഞ്ഞു നമ്മെ സാന്ത്വനപ്പെടുത്തുന്ന ഒരു കർത്താവിന്റെ മക്കളാകുന്നു നാം. തന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായ ദാവീദിനു നേരിട്ട കഷ്ടങ്ങളും ദുഃഖങ്ങളും എന്തു കൊണ്ടായിരുന്നെന്ന് നന്നായി അറിഞ്ഞിരുന്ന കർത്താവ്, താനായിരുന്ന സ്ഥാനങ്ങളിലൊക്കെ അവനോടുകൂടെ ഉണ്ടായിരുന്നു. ശത്രുക്കളുടെ മുമ്പാകെ മേശ ഒരുക്കിയും കൂരിരുൾ താഴ്‌വരയിൽ തന്നോടു കൂടെ ഇരുന്ന് ആശ്വസിപ്പിച്ച് അന്ത്യംവരെ പരിപാലിച്ച അതേ കർത്താവ് തന്നെയാകുന്നു ഇന്നും നമ്മോടുകൂടെയുള്ള ഇമ്മാനുവേലായ കർത്താവ്. നമ്മുടെ ദുഃഖം എന്തുമാകട്ടെ അതൊക്കെയും നന്നായി അറിയുന്ന ഒരു കർത്താവ്. “ഞാൻ നിന്നോടുകൂടെ ഉണ്ട് ഭയപ്പെടേണ്ട” എന്നു അരുളിചെയ്തു കൊണ്ട് നമ്മെ തീയിൽ കൂടെ നടക്കുവാൻ അനുവദിക്കുന്ന കർത്താവ്! അഗ്നിസമാനമായ പരിശോധനകളിലൂടെ നാം കടന്നുപോകേണ്ടി വരുമ്പോൾ നാം കരഞ്ഞുപോകുന്നതു സ്വാഭാവികമാകുന്നു. ഒരു പക്ഷേ മാരകരോഗമായിരിക്കാം. പ്രിയപ്പെട്ടവരുടെ വേർപാടാകാം. പ്രതിസന്ധികളും പരിശോധനകളും നിറഞ്ഞപാതയിലൂടെ മുമ്പോട്ടുപോകുവാൻ ഒരു വഴിയും കാണുന്നില്ല എന്നു തോന്നുമാറ് വഴിമുട്ടിനിന്നു കരയുമ്പോൾ നമ്മോടുകൂടെ നടന്നും നമ്മെ തോളിലേന്തിയും, പ്രതിസന്ധികളാകുന്ന മതിൽ ചാടി കടക്കുവാൻ സഹായിക്കുന്ന രക്ഷിതാവിൽ ശരണപ്പെടുക. നമുക്കു നേരിടുന്ന ഓരോ പരിശോധനകളും നമ്മുടെ വിശ്വാസത്തിന്റെ പരിശോധനകളാകുന്നു എന്നോർക്കുക. സ്വർണ്ണം തീയിൽ സ്ഫുടം ചെയ്യുന്നതുപോലെ നമ്മുടെ വിശ്വാസത്തെ വിലയേറിയ വിശ്വാസമാക്കി ശക്തീകരിച്ച് മറ്റുള്ളവരുടെ മുമ്പാകെ മാതൃകയാക്കി ഉയർത്തിപ്പിടിക്കാനാകുന്നു എന്നോർക്കുമ്പോൾ “ഈ

കണ്ണുനീർ സാരമില്ല". ഈ വേദനകളും, സങ്കടങ്ങളും താൽക്കാലിക മാകുന്നു. അതിനപ്പുറത്തു വച്ചിരിക്കുന്ന അനുഗ്രഹങ്ങളുടേയും ഉല്ലാസത്തിന്റേയും കൂമ്പാരം കണ്ടു സന്തോഷിക്കാം എന്ന പ്രത്യാശയിലും, വിലയേറിയ വാഗ്ദാനങ്ങളും മുറുകെ പിടിക്കുവാൻ ശക്തി നല്കി നടത്തുന്ന കർത്തൃകരങ്ങളിൽ സ്വയം സമർപ്പിച്ചും ആശ്വസിക്കുക. നമ്മുടെ കണ്ണുനീർ ഒരു തുള്ളി പോലും താഴെ വീഴാതെ വിലയേറിയ മുത്തുകളാക്കി തന്റെ തുരുത്തിയിലാക്കി സ്വർഗ്ഗത്തിൽ കാത്തു സൂക്ഷിക്കുന്ന കർത്താവു എത്ര വിശ്വസ്തൻ! എത്ര ചൂടേറിയ അഗ്നിശോധനയിലൂടെ നടന്നാലും അതിന്റെ ജ്വാല നമ്മെ നശിപ്പിക്കാതെ തീയിനെപ്പോലും തണുപ്പിക്കാൻ ശക്തനായ കർത്താവു തന്റെ ആണിപ്പഴുതുള്ള കരങ്ങളാൽ നമ്മുടെ കണ്ണുനീർ ഒപ്പി എടുത്ത് നമ്മെ സന്തോഷിപ്പിച്ചാനന്ദിപ്പിക്കുന്ന കർത്തൃകരങ്ങളെ വിശ്വാസത്താൽ സ്പർശിക്കുക. കുത്തിത്തുളയ്ക്കപ്പെട്ട തന്റെ മാറിൽ ചാരി ആശ്വസിക്കുമ്പോൾ നമ്മുടെ ദുഃഖം മാറിപ്പോകും. നമ്മുടെ വിലാപം നൃത്തമായി മാറും. നമ്മുടെ കർത്താവിന്റെ തേജസ്സേറിയ മുഖശോഭ വിശ്വാസത്താൽ ദർശിക്കുമ്പോൾ ദാവീദിനോടു ചേർന്ന് "ഞാൻ യഹോവയെ എല്ലാ കാലത്തും വാഴ്ത്തും. അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും. ഈ എളിയവൻ/എളിയവൾ നിലവിളിച്ചു. യഹോവ കേട്ടു. എന്റെ സകലകഷ്ടങ്ങളിൽ നിന്നും അവൻ എന്നെ രക്ഷിച്ചു. യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ. തന്ന കണ്ണുനീരിനായി സ്തോത്രം" എന്ന് ഉച്ചത്തിൽ പാടുവാൻ ദൈവം നമുക്കു ശക്തി നല്കും. പ്രിയമുള്ളവരേ, ദൈവമക്കൾക്ക് ഈ ലോക ത്തിൽ കഷ്ടങ്ങളുണ്ട്. ദുഃഖങ്ങളുണ്ട്. കണ്ണുനീരുണ്ട്. അവയിലൊന്നും പതറിപ്പോകാനാവശ്യമില്ല. കാരണം നമ്മേക്കാളേറെ കഷ്ടാനുഭവ ങ്ങളാൽ തികഞ്ഞ ഉറച്ച നിലവിളിയോടു കൂടെ അപേക്ഷയും, അഭയ യാചനയും കഴിക്കയും, ഭയഭക്തിനിമിത്തം ഉത്തരം ലഭിക്കയും ചെയ്ത ദൈവപുത്രൻ നമ്മോടുകൂടെയുള്ളപ്പോൾ നാം എന്തിനു പതറി പ്പോകണം? നിരാശപ്പെടണം? വിശ്വാസത്തിൽ ബലഹീനരാകാതെ ക്രിസ്തുവിൽ സമ്പന്നരാകേണ്ടതിനാകുന്നു നമ്മുടെ പരിശോധനകൾ! വിശ്വാസത്തിന്റെ നായകനും, പൂർത്തിവരുത്തുന്നവനുമായ യേശുവിനെ മാത്രം നോക്കി നമ്മുടെ സീയോൻ യാത്ര തുടരാം. അതിന്നായി ഈ ലേഖനം നിങ്ങളെ ഓരോരുത്തരേയും ബലപ്പെടുത്തട്ടെ! ദൈവമക്കളായ നമ്മുടെ നിലവിളി കേൾക്കുന്ന കർത്താവിന്റെ - പിതാവിന്റെ സാന്നി ദ്ധ്യവും, സാമീപ്യവും അനുഭവിച്ച് ജീവിതയാത്ര ധന്യമാക്കി തീർക്കാം. കർത്താവു കൃപ ചെയ്യട്ടെ!

**എൽസി ബേബി, ന്യൂയോർക്ക്**

# ഫിലേമോൻ

പുതിയ നിയമത്തിലെ 27 പുസ്തകങ്ങളിൽ 18-ാമത്തെ പുസ്തകമാണ് ഫിലേമോൻ. ഗ്രന്ഥകർത്താവ് പൗലൊസ്. തന്റെ 4 കാരാഗൃഹലേഖനങ്ങൾ, എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്യർ, ഫിലേമോൻ. ഒരു Personal letter റോമർ കാരാഗൃഹത്തിൽ വച്ച് എ.ഡി. 60-61 കാലഘട്ടത്തിൽ എഴുതി. ഒരു അദ്ധ്യായം (25 വാക്യങ്ങൾ) മാത്രമുള്ള ഈ ലേഖനം പൗലൊസ് അപ്പൊസ്തലന്റെ ഈടുറ്റ ലേഖനങ്ങളിൽ, ഒന്നു തന്നെ. ഇതും കാനോനിൽ ചേർത്തിരിക്കുകയാൽ ദൈവശ്വാസീയവും, വിശ്വസനീയവും തന്നെ. 25 വാക്യങ്ങൾ മാത്രമുള്ള ഈ ലേഖനത്തിൽ നമുക്കു പിന്തുടരുവാൻ മതിയായ അനേക ആത്മീയ സത്യങ്ങൾ, മൂല്യങ്ങൾ നിറഞ്ഞിരിക്കുന്നു. ഈ ലേഖനത്തിന്റെ പഠനം നിമിത്തം നമ്മുടെ ക്രിസ്തീയ ജീവിതത്തിലും അവ പ്രാവർത്തികമാക്കാൻ സർവ്വശക്തൻ ഇടയാക്കട്ടെ. ജ്ഞാനം, സത്യം, നന്മയിലേക്കുള്ള നടത്തിപ്പ്, വിടുതൽ, ക്ഷമ, (Wisdom, Truth, Guidance, Deliverance, Forgiveness) ഇവയൊക്കെയാണ് പ്രധാനം. പൗലൊസ് ഇവയൊക്കെ മുൻനിറുത്തി ഫിലേമോനോടു ഒരു അപേക്ഷ കഴിക്കുകയാണ്; പല മുൻകാലസംഭവങ്ങളും ഓർമ്മപ്പെടുത്തി, വ്യക്തിപരമായിട്ടുള്ള അപേക്ഷ. അടിമത്തം ശരിയല്ലെന്നും, ക്രിസ്തുവിങ്കലെ ദീർഘക്ഷമ മറ്റുള്ളവരോടു സകലവും ക്ഷമിക്കുവാൻ ശക്തിതരുമെന്നും ദൈവിക സ്നേഹത്താൽ മാത്രമേ അത് സാധ്യമാകൂ എന്നും ഓർമ്മപ്പെടുത്തുന്നു. ഇവയെല്ലാം വിലയിരുത്തി പഠിച്ചാൽ നമ്മുടെ വ്യക്തിപരമായ കുടുംബപരമായ ക്രിസ്തീയ ജീവിതത്തിലും അവ പ്രാവർത്തികമാക്കി ധന്യമാക്കാം.

ഫിലേമോൻ പ്രയോജനമുള്ളവൻ (Profitable) പൗലൊസിന്റെ ശുശ്രൂഷയാൽ മാനസാന്തരപ്പെട്ടു, രക്ഷിക്കപ്പെട്ട്, ആത്മീയമായി വളർന്നു, പില്ക്കാലത്ത് സഭാശുശ്രൂഷകനും, കൂട്ട് വേലക്കാരനും ആയിത്തീർന്ന ദൈവദാസൻ. പേരിന്റെ അർത്ഥം ജീവിതത്തിൽ പ്രാവർത്തികമാക്കി. ഭാര്യ, സഹോദരി അപ്പിയ, മകൻ അർക്കിപ്പൊസ്, അനുഗ്രഹിക്കപ്പെട്ട ക്രിസ്തീയ കുടുംബം, മാതൃകാകുടുംബം. അർക്കിപ്പോസ് പൗലൊസ് അപ്പൊസ്തലന്റെ സഹഭടൻ. ഫിലേമോന്റെ ഭവനത്തിൽ അടിമയായിരുന്ന ഒനേസിമോസ് ഭവനം വിട്ട് ഓടിപ്പോകുന്നു. കാരണം വ്യക്തമല്ല. വല്ല തെറ്റുചെയ്തിട്ടോ മോഷണം

നടത്തിയിട്ടോ? ദൈവനിയോഗം എന്നവണ്ണം പൗലൊസ് ആയിരുന്ന കാരാഗൃഹത്തിൽ എത്തിപ്പെടുന്നു. പൗലൊസിനെ കണ്ടുമുട്ടുകയും പൗലൊസിനാൽ സുവിശേഷം കേട്ടു മാനസാന്തരപ്പെട്ട് കർത്താവിനെ രക്ഷകനായി സ്വീകരിക്കുന്നു. പൗലൊസിന്റെ ആത്മീയമകനായി ഒനേസിമൊസ് തീരുന്നു. അവന്റെ ക്രിസ്തുയേശുവിങ്കലേ ഉറച്ച വിശ്വാസം മനസ്സിലാക്കിയ ഒനേസിമൊസിനെ ഈ ലേഖനവുമായി ഫിലേമോന്റെ അടുക്കലേക്കു തന്നെ മടക്കി അയക്കുന്നതാണ് പശ്ചാത്തലം; ഒരടിമയായിട്ടോ ദാസനായിട്ടോ അല്ല, ക്രിസ്തുവിൽ കൂട്ടുസഹോദരനായി ചേർത്തണയ്ക്കുവാൻ ഫിലേമോനോടുള്ള അഭ്യർത്ഥന. പൗലൊസും ഫിലേമോനും ആയി ആത്മീയ പിതൃപുത്ര ബന്ധമാണെന്നു കണ്ടല്ലോ? ഫിലേമോന്റെ ജീവിതത്തിലെ അനേക ഗുണവിശേഷങ്ങൾ ഇവിടെ എടുത്തു പറയുന്നുണ്ടല്ലോ, നല്ല കുടുംബ നാഥൻ, ദൈവിക പോരാളി, സകല വിശുദ്ധന്മാരോടും അവനുള്ള സ്നേഹം, വിശ്വാസം 1-4 വാ. എല്ലാ നന്മയുടെയും പരിജ്ഞാനത്താലുള്ള വിശ്വാസത്തിന്റെ കൂട്ടായ്മ വാ.5. ത്യാഗമനസ്സ് ഉണ്ടെങ്കിൽ മാത്രമേ, വിട്ടുപോയ അടിമയെ കൂട്ടുദാസനായി സ്വീകരിപ്പാൻ സാദ്ധ്യമാകൂ. ചെയ്തുപോയ തെറ്റ് എന്തുതന്നെയായാലും ക്ഷമിക്കുവാൻ, മറക്കുവാൻ, ഹൃദയംഗമായി സ്നേഹിച്ചണയ്ക്കുവാൻ ക്രിസ്തുവിന്റെ മനസ്സുണ്ടാകണം. കുറഞ്ഞത് 10 പാഠങ്ങൾ ഈ ചെറിയ ലേഖനം നല്കിത്തരുന്നു.

**നമ്മുടെ ഭവനം വാ.1-4**

പൗലൊസിന്റെ അഭിവാദനത്തിൽ നിന്നും പിതാവും മാതാവും മകനും അടങ്ങുന്ന ഈ ചെറുകുടുംബം ആത്മീയ കാര്യങ്ങൾക്ക് എത്ര മാത്രം മുൻതൂക്കം കൊടുക്കുന്നുവെന്നു കാണാം. കുടുംബനാഥൻ പൗലൊസിന്റെ കൂട്ടുവേലക്കാരൻ, അർക്കിപ്പൊസ് സഹഭടൻ, ഭവനത്തിൽ ഒരു സഭ. സകലത്തിനും നാഥനായി ദൈവം. കുടുംബത്തിൽ ആത്മീയ അന്തരീക്ഷം മാത്രം. നമ്മുടെ കുടുംബം ദൈവനാമ മഹത്ത്വത്തിനായിട്ടാണോ ഉപയോഗപ്പെടുന്നത്? ഭൗമിക നേട്ടങ്ങൾക്കാണോ, ആത്മികകാര്യങ്ങൾക്കോ പ്രാധാന്യം? മുഴങ്ങിക്കേൾക്കുന്നത് ആത്മീയ ഗാനങ്ങളോ, ശകാര വർഷങ്ങളോ? ആത്മീയ സന്തോഷം, ആത്മീയ കൂട്ടായ്മ, സ്നേഹം, സമാധാനം തമ്മിൽ തമ്മിലുള്ള കരുതൽ, അതിഥി സൽക്കാരം ഇവയ്ക്കാണ് മുൻതൂക്കം കൊടുക്കേണ്ടതെന്നു ഫിലേമോൻ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ഭവനത്തെ ദൈവനാമവ്യാപ്തിക്കായി ഉപയോഗിക്കാം. ഈ കുടുംബനാഥൻ നമുക്കു മാതൃകയായിരിക്കട്ടെ. കുടുംബാരാധന, വചനപഠനം, ആത്മീയഗാനങ്ങൾ, പ്രാർത്ഥന അയൽക്കാരിലേക്ക് മുഴങ്ങിച്ചെല്ലണം. നമ്മിലൂടെ ക്രിസ്തുവിനെ കാണണം.

കുഞ്ഞുങ്ങൾക്കായുള്ള ചെറിയ കൂട്ടായ്മ, വാക്യം - പാട്ടും പഠനം, ചെറിയ ക്ലബ്ബുകൾ ഭവനത്തിൽ നടത്തണം. സഹോദരിമാർക്കായി ഒരു പ്രാർത്ഥന തുടങ്ങാം. ദേശക്കാർ അനുഗ്രഹിക്കപ്പെടട്ടെ. വാക്യം 1,2.

**2. അന്യോന്യം പ്രാർത്ഥിക്കുക വാ.6**

എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്ത് എപ്പോഴും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. വാ.6, എന്തിനുവേണ്ടിയാണ് പൗലൊസ് പ്രാർത്ഥിക്കുന്നത്? കർത്താവായ യേശുവിനോടും സകല വിശുദ്ധന്മാരോടും നിനക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ചു ഞാൻ കേട്ടിട്ട് നമ്മിലുള്ള എല്ലാ നന്മയുടെയും പരിജ്ഞാനത്താൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ (ക്രിസ്തുവിനായി സഫലമാക്കേണ്ടതിന്”) വാ.4,5 അതിനുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്. ഒരു കൂട്ടുവിശ്വാസി ആത്മീയമായി വളർന്നു വരണം. പൗലൊസിന്റെ പ്രാർത്ഥനയിൽ ഒന്നും തന്നെക്കുറിച്ചു തന്നെ പ്രാർത്ഥിക്കുന്നതായി കാണുന്നില്ല; കർത്താവിനെപ്പോലെ തന്നെ. പ്രാർത്ഥനാവിഷയം മറ്റുള്ളവരാണ്; സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം ആണ് 2 കൊരി. 11:28. പ്രിയ സഹോദരിമാരേ, ഇതു നമ്മുടെ ജീവിതത്തിലും മാതൃകയാക്കാം. Self centred ആയുള്ള പ്രാർത്ഥനയ്ക്കു മാറ്റം വരട്ടെ. ഞെരുക്കത്തിലും ആവശ്യങ്ങളിലും രോഗദുഃഖങ്ങളിലും കൂടെ കടന്നുപോകുന്നവരെ ഓർത്തു പ്രാർത്ഥിക്കാം. അപ്പോൾ ദൈവം നമ്മെ അനുഗ്രഹിക്കും, ഇയ്യോബിനെപ്പോലെ 42:10. ഞാനും എന്റെ കുടുംബവുമല്ലേ നമ്മുടെ മുഖ്യ പ്രാർത്ഥനാ വിഷയം. നമുക്ക് അതിന് ഒരു മാറ്റം വരുത്താം. നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാതിരുന്നാൽ യഹോവയോടു പാപം ചെയ്യുകയാണ്. 1 ശമു. 12:23. മറ്റുള്ളവരുടെ ആത്മീയ വളർച്ചയ്ക്കായി പ്രാർത്ഥിക്കാം.

**3. നമ്മുടെ വിശ്വാസം മറ്റുള്ളവർക്ക് അനുഗ്രഹവും മാതൃകയും ആകണം. മറ്റുള്ളവരുടെ ഹൃദയം തണുപ്പിക്കണം. വാ.7**

നമ്മുടെ ക്രിസ്തീയ ജീവിതം പോരാട്ടങ്ങളും പരിശോധനകളും നിറഞ്ഞതാണ്. അതിന്റെ മദ്ധ്യേയും നാം മറ്റുള്ളവരെ, കൂട്ടുവിശ്വാസികളെ ആദരിക്കുന്നവരും കർത്താവിന്റെ സ്നേഹവും കരുതലും അവരിലേക്കു പകരുന്നവരും അവരെ പ്രോത്സാഹിപ്പിക്കുന്നവരും ആകാം. ഫിലേമോനെപ്പോലെ മറ്റുള്ളവരുടെ ഹൃദയം തണുപ്പിക്കുന്നവരായി നാം തീരാം. വാ.7. കൂട്ടുവിശ്വാസികളുടെ നല്ല പ്രവൃത്തികളെ ആദരിച്ചു അവരെ മുമ്പോട്ടു നയിക്കാം; പ്രോത്സാഹിപ്പിക്കാം. അവരെ ദൈവത്തിനു പ്രയോജനമുള്ളവരായിത്തീരുവാൻ സഹായിക്കാം. നാം

അനുഗ്രഹിക്കപ്പെടും. നമ്മുടെ ക്രിസ്തീയ ജീവിതം അനേകർക്ക് പ്രചോദനം നല്കുന്നതായിത്തീരണം. മാത്രമല്ല, അവിശ്വാസികൾക്കു പോലും ദൈവത്തെ കണ്ടെത്തി കർത്താവിനെ രക്ഷിതാവായി സ്വീകരിപ്പാൻ നമ്മുടെ ക്രിസ്തീയ ജീവിതം ഇടയാക്കട്ടെ. ക്രിസ്തുവിൻ പത്രമായി, ക്രിസ്തുവിനെ നമ്മിൽക്കൂടെ അനേകർ ഫിലേമോന്റെ ലേഖനപഠനം നിമിത്തം നമ്മുടെ ക്രിസ്തീയ ജീവിതത്തിനു സമൂലമാറ്റം ഉണ്ടാകട്ടെ. അനേകർക്കു മാതൃകയാകട്ടെ. വിശ്വാസത്തിൽ അചഞ്ചലരായി മുന്നേറാം.

**4. ദൈവിക സ്നേഹം മറ്റുള്ളവരിലേക്കു പകരാം. വാ. 8,9**

പൗലൊസ് എന്ന വയസ്സനും ഇപ്പോൾ ക്രിസ്തുയേശുവിന്റെ ബദ്ധനുമായിരിക്കുന്ന ഈ ഞാൻ സ്നേഹം നിമിത്തം അപേക്ഷിക്കയത്രേ ചെയ്യുന്നത്. ഇതിന് അത്യന്താപേക്ഷിതം ദൈവസ്നേഹത്താൽ എളിമ ധരിച്ച് എളിയവരോടു ചേർന്നു ജീവിക്കണം. കർത്താവിന്റെ എളിമ നമുക്കു മാതൃകയാക്കാം. പൗലൊസും എത്ര എളിമയോടെയാണ് ജീവിച്ചത്! ദൈവിക സ്നേഹമുണ്ടെങ്കിൽ നാം താഴ്മ ധരിക്കും. പലകാരണത്താലും പൗലൊസിന് തന്റെ ആത്മികമകനായ ഫിലേമോനോടു കല്പിക്കുവാനുള്ള യോഗ്യതയുണ്ടെങ്കിലും ദൈവസ്നേഹത്താൽ അപേക്ഷിക്കുകയാണ് ചെയ്യുന്നത്. എത്ര നല്ല മാതൃക, എളിമത്വം!! വാ. 8, 9. ഫിലേമോന്റെ സ്നേഹത്തിലും അനുസരണത്തിലും പൗലൊസിന് വളരെ ഉറപ്പും ധൈര്യവും ഉണ്ട്. മാത്രമല്ല, പൗലൊസിനെ അനുസരിപ്പാൻ വിവിധ കാരണങ്ങളാൽ ഫിലേമോൻ കടപ്പെട്ടവനുമാണ്. പൗലൊസിന്റെ താഴ്മ, സ്നേഹം നമുക്കു മാതൃകയാക്കാം. സ്നേഹത്തിൽ താഴ്മയോടെ മറ്റുള്ളവരോട് അപേക്ഷിക്കാം. ദൈവസ്നേഹത്തിലല്ലാതെ ഈ താഴ്മ ലഭ്യമല്ല. വിദ്വേഷമോ, കോപമോ, അടിച്ചേല്പിക്കലോ, ദൈവസ്നേഹത്തിനില്ല. ദുരഭിമാനമാണല്ലോ എവിടെയും. തന്നെക്കാൾ മറ്റുള്ളവരെ, വലുപ്പചെറുപ്പം നോക്കാതെ, ശ്രേഷ്ഠരെന്നെണ്ണുവാൻ നമുക്ക് കഴിയണം. സുബോധമുള്ളവരാകാം. ദൈവസ്നേഹത്താൽ മുറിവേല്പിക്കുന്നവരാകാതെ മുറിവുകെട്ടുന്നവരാകാം. നീറിപ്പുകയുന്ന മറ്റുള്ളവരുടെ ഹൃദയം തണുപ്പിക്കുന്നവരാകാം. അനുഗ്രഹിക്കപ്പെടാം. ദൈവസ്നേഹം നമ്മിൽ നിറയട്ടെ.

ഇനിയും ചില പാഠങ്ങൾ അടുത്ത ലക്കത്തിൽ തുടർന്നു ചിന്തിക്കാം. സർവ്വശക്തൻ നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമത്തിനു മഹത്ത്വം. ആമേൻ.

തുടരും...

**തങ്കമ്മ സാം, തിരുവനന്തപുരം**

# കേൾക്കുന്ന ദൈവം

ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നവനാണ് എന്നത് നമുക്കു ഏറെ ആശ്വാസവും പ്രത്യാശയും ഉളവാക്കുന്നതാണ്. "ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു" എന്നും "നീതിമാന്മാർ നിലവിളിച്ചു യഹോവ കേട്ടു" എന്നും (സങ്കി. 34:6,17) ദാവീദ് തന്റെ അനുഭവത്തിൽ നിന്നും വെളിപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ പ്രാർത്ഥനയും യാചനയും, നിലവിളിയും മാത്രമല്ല ദൈവം കേൾക്കുന്നത് എന്ന് തിരുവചനം നമ്മെ ഓർപ്പിക്കുന്നു. "യഹോവാഭക്തന്മാർ അന്നു തമ്മിൽ തമ്മിൽ സംസാരിച്ചു; യഹോവ ശ്രദ്ധവച്ചു കേട്ടു"; (മലാഖി 3:16) എന്നു നാം വായിക്കുന്നുണ്ട്. യഹോവാ ഭക്തന്മാരല്ലേ, അവർ ആത്മീയകാര്യങ്ങളായിരിക്കും സംസാരിക്കുന്നത്. അത്. യഹോവ കേട്ടാലും കുഴപ്പമില്ലല്ലോ എന്നായിരിക്കും നാം കരുതു ന്നത്. എന്നാൽ നാം സംസാരിക്കുന്ന ആത്മീയ വിഷയങ്ങൾ മാത്രമല്ല, പിറുപിറുപ്പും മറ്റുള്ളവർക്കു വിരോധമായുള്ള കുറ്റാരോപണങ്ങളും എല്ലാം അവിടുന്ന് കേൾക്കുന്നുണ്ട് എന്നുള്ളത് വിസ്മരിച്ചുകൂടാ.

യിസ്രായേൽ ജനം മോശെയ്ക്കും അഹരോനും വിരോധമായി പിറുപിറുത്തതിനെക്കുറിച്ച് "യഹോവയുടെ നേരെയുള്ള നിങ്ങളുടെ പിറുപിറുപ്പ് അവൻ കേട്ടിരിക്കുന്നു" (പുറ:16:7) എന്നാണ് രേഖപ്പെടുത്തി യിരിക്കുന്നത്. അസംതൃപ്തി നിമിത്തമുണ്ടായ പിറുപിറുപ്പായിരുന്നു അത്. ദൈവം നടത്തുന്ന വഴികളോടും സാഹചര്യങ്ങളോടും വിധേയപ്പെ ടാനോ ഇണങ്ങിച്ചേർന്നു പോകാനോ കഴിയാതെ അസഹിഷ്ണുത യോടും അസംതൃപ്തിയോടും കൂടെ സംസാരിച്ചതിനെയാണ് യഹോവ യായ ദൈവത്തിനു നേരേയുള്ള പിറുപിറുപ്പായി പറഞ്ഞിരിക്കുന്നത്. അത് യഹോവ കേട്ടു. മിസ്രയീമ്യരുടെ അടിമത്തത്തിലായിരുന്ന ജന ത്തിന്റെ കഷ്ടത ഞാൻ കണ്ടു കണ്ടു എന്നും ഊഴിയവിചാരകന്മാർ നിമിത്തമുള്ള നിലവിളി കേട്ടു എന്നും മോശെയോട് അരുളിച്ചെയ്ത ദൈവം മോശെ മുഖാന്തരം അവരെ അവിടെനിന്നു രക്ഷിച്ചു കൊണ്ടു പോരുന്ന വഴിക്കാണ് അവരുടെ പിറുപിറുപ്പും ദൈവം കേട്ടത് (പുറ 2:24; 3:7).

മോശെയുടെ സഹോദരങ്ങൾ തമ്മിലുണ്ടായ ഒരു സംസാരവും യഹോവ കേട്ടതായി വെളിപ്പെടുത്തിയിട്ടുണ്ട്. മോശെ ഒരു കൂശ്യ സ്ത്രീയെ വിവാഹം ചെയ്തിരുന്നതുകൊണ്ട് കൂശ്യസ്ത്രീ നിമിത്തം

മിര്യാമും അഹരോനും അവനു വിരോധമായി സംസാരിച്ചു. .. യഹോവ അത് കേട്ടു (സംഖ്യാ. 12:1, 2). അവർ തങ്ങളുടെ വീട്ടിൽ വച്ച് സംസാരിച്ചതായതുകൊണ്ട് അഥവാ വീട്ടുകാര്യമായതുകൊണ്ട് യഹോവ അത് കേട്ടതായി ഭാവിക്കുമെന്നോ അതിൽ ഇടപെടുമെന്നോ അവർ കരുതിയിട്ടുണ്ടാവില്ല. എന്നാൽ യഹോവ അത് കേട്ടു, ഇടപെടുകയും ചെയ്തു!

യഹോവ പ്രാർത്ഥന മാത്രമല്ല കേൾക്കുന്നത്, നമ്മുടെ സകല സംസാരങ്ങളും പിറുപിറുപ്പും അസംതൃപ്തിയും അസഹിഷ്ണുത നിമിത്തമുള്ള കുറ്റപ്പെടുത്തലുകളും അവിടുന്ന് കേൾക്കുന്നുണ്ട്. മാത്രമല്ല നിശബ്ദമായി ഉള്ളിൽ തിളച്ചുമറിയുന്ന വാക്കുകളും കേൾക്കുന്നുണ്ട് എന്നത് ഒരു മുന്നറിയിപ്പാണ്. ഇത്തരം സംഭാഷണങ്ങൾ ഏറ്റവുമധികം സംഭവിക്കുന്നത് നമ്മുടെ ഭവനങ്ങളിലാണ് എന്നതും നാം കരുതിക്കൊള്ളേണ്ടതാണ്. വീട്ടിൽ എന്തും സംസാരിക്കാം സഭയിലും സമൂഹത്തിലും മാന്യമായിട്ടേ സംസാരിക്കാവൂ എന്നൊക്കെയാണ് നാം ചിന്തിക്കുന്നതെങ്കിൽ അതിനുള്ള മറുപടിയാണ് മിര്യാമിന്റെ അനുഭവം നമുക്കു നല്കിയിരിക്കുന്നത്.

പുറമെ പറയുന്ന വാക്കുകളെ മാത്രം നിയന്ത്രിച്ചുകൊണ്ട് വിശുദ്ധജിവിതം നയിക്കാമെന്നു പറയാനാവില്ല. നമ്മുടെ ഉള്ളിലാണ് രൂപാന്തരമുണ്ടാകേണ്ടത്. ദൈവം നമ്മുടെ നിലവിളിയും യാചനയും കേൾക്കുന്നുണ്ട് എന്നത് വലിയ ധൈര്യവും ആശ്വാസവും ആയിരിക്കുന്നതുപോലെ തന്നെ, നമ്മുടെ സകല സംഭാഷണങ്ങളും നിരൂപണങ്ങളും ശ്രദ്ധിക്കുന്നുണ്ട് എന്നത് ഒരു ഭയനിർദ്ദേശമാണ്. ആകയാൽ കരുതലുള്ളവരായിരിക്കാം. മനസ്സു പുതുക്കി രൂപാന്തരപ്പെടാം. ദൈവം കൃപ നല്കട്ടെ.

**ജെസ്സി ബെൻസെൻ, കൊച്ചി**

***"യഹോവേ, നിന്റെ വഴി എനിക്കു***
***കാണിച്ചുതരേണമേ; എന്നാൽ ഞാൻ നിന്റെ***
***സത്യത്തിൽ നടക്കും; നിന്റെ നാമത്തെ***
***ഭയപ്പെടുവാൻ എന്റെ ഹൃദയത്തെ***
***ഏകാഗ്രമാക്കേണമേ"***

***(സങ്കീർത്തനങ്ങൾ 86:11)***

# ഭവന പണിക്കുള്ള യോഗ്യത

ഈ ലോകത്തിൽ നാം നോക്കിയാൽ പുരുഷന്മാരുടെ മദ്യപാനവും, മറ്റു വഴികേടുകളും, ദുഷ്പരിചയവും മൂലമാണ് ഭവന (കുടുംബ)ത്തിന്റെ ഭദ്രത താറുമാറാകുന്നത് (നശിച്ചുപോകുന്നത്) എന്ന ചിന്താഗതിയാണ് പരക്കെയുള്ളത്. അതിൽനിന്നും വിഭിന്നമായി ഒരു ബൈബിൾ വചനം ഇപ്രകാരം പറയുന്നു. "സ്ത്രീകളിൽ ജ്ഞാനമുള്ള വൾ തന്റെ വീടു പണിയുന്നു; ഭോഷത്തമുള്ളവളോ അതു സ്വന്തകൈ കളാൽ പൊളിച്ചുകളയുന്നു" സദൃ 14:1. ജ്ഞാനമുള്ളവൾ വീടു പണി യുന്നു, ഭോഷത്തമുള്ളവൾ സ്വന്തകൈകളാൽ പൊളിച്ചുകളയുന്നു. രണ്ടു വ്യത്യസ്തമായ സ്വഭാവമുള്ള സ്ത്രീകളെയാണ് ഇവിടെ കാണുന്നത്. തിരുവചനത്തിൽ ആദിയോടന്തം പരിശോധിച്ചാൽ ഈ നിലയിലുള്ള നിരവധി സ്ത്രീകളെ കാണുവാൻ കഴിയും. ജ്ഞാനത്തിന്റെ വിപരീതമാണ് ഭോഷത്വമെന്ന് വചനം പറയുന്നു. സദൃ. 1:7 "യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; ഭോഷന്മാരോ ജ്ഞാനവും പ്രബോധനവും നിരസിക്കുന്നു".

ഒന്നാമതായി, വീടുപണിയുന്നതിന് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ് ജ്ഞാനം. ഉദാ: പുറ.31:1-5 ൽ സമാഗമനകൂടാരത്തിന്റെ പണിക്കായിട്ട് ദൈവം ബെസലേലിനെ ദിവ്യാത്മാവിനാൽ ജ്ഞാനവും ബുദ്ധിയും അറിവും സാമർത്ഥ്യവും കൊണ്ടു നിറച്ചിരിക്കുന്നു എന്നാണ് വ്യക്തമാക്കുന്നത്. അത് കേവലം മാനുഷികജ്ഞാനമല്ല. ദൈവം ഔദാര്യമായി കൊടുക്കുന്ന ജ്ഞാനമാണ്. യാക്കോബ് 1:5 ഇതിന്റെ വില മുത്തുകളിലും കവിഞ്ഞതാണ്. ഇതിനു ഉദാഹരണമാണ് മോവാബ്യ സ്ത്രീയായ രൂത്ത്. രൂത്തിന്റെ പുസ്തകം പഠിച്ചാൽ പുറജാതിയായ സ്ത്രീ നിമിത്തം ഈ കുടുംബത്തിന് ഒരു ഉദ്ധാരണം ഉണ്ടാകുന്നതായി മനസ്സിലാക്കാം.

എലീമേലെക്കും കുടുംബവും അപ്പത്തിന്റെ ഭവനമായ ബേത്ലേഹെം വിട്ട് 10-ാം തലമുറപോലും ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ സാധ്യമല്ലാത്തതും അറയ്ക്കപ്പെട്ടതുമായ മോവാബിലേക്കു പോകയും ദൈവിക കല്പന ലംഘിച്ച് അവിടെയുള്ളവരുമായി കുടുംബ ബന്ധം സ്ഥാപിച്ചു. (2 കൊരി. 6:14 അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്.) തൽഫലമായി ആ ഭവനത്തിൽ സംഹാരതാണ്ഡവം തന്നെ നടന്നു. നൊവൊമിയുടെ ഭർത്താവും, രണ്ടു ആൺമക്കളും മരിച്ചു. അവസാനം നിരാലംബരായ 3 വിധവമാർ മാത്രം ശേഷിച്ചു. എല്ലാ പ്രതീക്ഷകളും നശിച്ചു

ഭാവി തലമുറയ്ക്കു യാതൊരു സാദ്ധ്യതയുമില്ലാത്ത സാഹചര്യത്തിൽ നിരാശരായി തിരികെ മടങ്ങിപോകുവാനാഗ്രഹിക്കുന്നു. വയോവൃദ്ധയായ ഭർത്തൃമാതാവിനെ സംരക്ഷിക്കുന്നതിനുള്ള ചുമതല വളരെ വിവേകത്തോടും ജ്ഞാനത്തോടുംകൂടെ ഏറ്റെടുക്കുന്ന മോവാബ്യ സ്ത്രീയായ രൂത്തിനെ ഇവിടെ ദർശിക്കുവാൻ സാധിക്കും (രൂത്ത് 1:9-16).

രൂത്ത് 1:13 "യഹോവയുടെ കൈ എനിക്കു വിരോധമായി പുറപ്പെട്ടിരിക്കയാൽ നിങ്ങളെ വിചാരിച്ചു ഞാൻ വളരെ വ്യസനിക്കുന്നു ആകയാൽ നിങ്ങൾ സ്വന്തഭവനങ്ങളിലേക്കു പോയി കൊൾവിൻ" എന്നു മരുമക്കളോടു പറയുമ്പോൾ ഓർപ്പ അമ്മാവിയമ്മയെ ചുംബിച്ചു പിരിഞ്ഞു. രൂത്തോ അവളോടു പറ്റി നിന്നു. പുറജാതി സ്ത്രീയായ ഈ സ്ത്രീ വളരെ ജ്ഞാനത്തോടെ നൊവൊമിയുടെ ദൈവത്തിലുള്ള ഉറച്ച വിശ്വാസത്തോടുകൂടി മാതാവിനോടുകൂടെ പോകുവാൻ തീരുമാനിച്ചു. രൂത്ത് 1:16 മാനുഷിക ബുദ്ധിക്ക് നിരക്കാത്ത കാര്യമാണിത്. മറ്റൊരു വ്യക്തിയുടെ ആശ്രയമില്ലാതെ ജീവിക്കുവാൻ സാദ്ധ്യമല്ലാത്ത വയോവൃദ്ധയായ മാതാവിനോടു ചേർന്നു തികച്ചും വ്യത്യസ്തമായ സാഹചര്യത്തിലേക്കു യുവതിയായ ഒരു സ്ത്രീ പോകുവാൻ ത്യാഗബുദ്ധിയായ തീരുമാനമെടുക്കണമെങ്കിൽ അത് കേവലം ലോകപ്രകാരമുള്ള ജ്ഞാനംകൊണ്ട് സാധ്യമാകുകയില്ല. പിന്നെയോ യഹോവാ ഭക്തിയിലധിഷ്ഠിതമായ ജ്ഞാനംകൊണ്ടേ സാധ്യമാകൂ സദൃ.3:5,6.

ഇപ്രകാരം തീരുമാനിച്ച മാതാവിനോടൊപ്പം ഇറങ്ങിയ രൂത്തിന് സദൃ.24:3,4 പറയുന്ന പ്രകാരം ജ്ഞാനംകൊണ്ടു ഭവനം പണിയുവാനും വിവേകത്താൽ അതു സ്ഥിരമാക്കുവാനും സാധിച്ചുവെന്നത് രൂത്തിന്റെ പുസ്തകം പഠിച്ചാൽ വ്യക്തമാണ്. മാത്രമല്ല, തന്റെ വീണ്ടെടുപ്പുകാരനായ ബോവസ് തന്നെക്കുറിച്ചു പറയുന്നത് നീ ഉത്തമസ്ത്രീ എന്നുള്ള സാക്ഷ്യവും കൂടാതെ മറ്റു സ്ത്രീകൾ നെവൊമിയോടു പറയുന്നത് 7 പുത്രന്മാരെക്കാൾ ഉത്തമയായ മരുമകൾ എന്നാണ്. തന്നെയുമല്ല യേശുക്രിസ്തുവിന്റെ വംശാവലിയിൽ പേർവരുവാൻ കാരണമായവൾ. ഹാ എത്ര അനുഗ്രഹിക്കപ്പെട്ടവൾ.

രണ്ടാമതായി "ഭോഷത്തമുള്ളവൾ സ്വന്തകൈകളാൽ പൊളിച്ചുകളയുന്നു". യഹോവ ഭക്തിയിൽ ഉടലെടുക്കാത്ത ജഡത്തിന്റെ ചിന്തകൾ ഭരിക്കുമ്പോൾ (നിയന്ത്രിക്കുമ്പോൾ) ജഡമോഹം കൺമോഹം ജീവനത്തിന്റെ പ്രതാപം- എന്നിത്യാദി ഭൗതികചിന്തകളായ ജീവിതത്തിന്റെ സംക്ഷിപ്തരൂപമാണ് ഭോഷത്വത്തിലേക്കു നയിക്കുവാൻ പ്രേരിപ്പിക്കുന്നത്. ഈ വിധ പ്രലോഭനങ്ങളാൽ ജീവിതത്തെ വ്യർത്ഥമാക്കിയ സ്ത്രീകൾ "സ്വന്തമോഹങ്ങളാൽ" തന്നെ ഭവനങ്ങളെ പൊളിച്ചുകളയുന്നതായി മനസ്സിലാക്കാം. അതിനു തെളിവാണ് ലോത്തിന്റെ

ഭാര്യയെന്ന് ഉൽപത്തി 19-ാം അദ്ധ്യായം പഠിച്ചാൽ മനസ്സിലാക്കാം.

ദൈവികവിളികേട്ട് വിശ്വാസത്താൽ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെട്ട അബ്രാഹാമിനോടുകൂടെ സഹോദരപുത്രനായ ലോത്ത് തികച്ചും ഭൗതിക കാഴ്ചപ്പാടോടുകൂടി ഇറങ്ങിത്തിരിച്ച് നല്ല നീരോട്ടമുള്ള പ്രദേശങ്ങൾ തിരഞ്ഞെടുത്തു. അനവധി സ്വത്തുക്കൾ സമ്പാദിച്ചു. ആ ദേശം വഷളത്തംകൊണ്ടു നിറഞ്ഞപ്പോൾ യഹോവ യുടെ കോപം പട്ടണത്തിന്മേൽ വന്നപ്പോൾ ദൈവം ആ പട്ടണം നശിപ്പിക്കുവാൻ തീരുമാനിച്ചു. ദൈവകല്പന അനുസരിച്ചു നടക്കുന്ന തായ ദൈവഭക്തനായ തന്റെ ദാസൻ അബ്രാഹാമിനെ ആ വിവരം അറിയിച്ചപ്പോൾ തന്റെ സഹോദരപുത്രനായ ലോത്തിനും കുടുംബ ത്തിനുംവേണ്ടി പക്ഷവാദം (മദ്ധ്യസ്ഥത) ചെയ്യുന്നു. ദീർഘക്ഷമയു ള്ളവനായ ദൈവം തന്റെ ദാസന്റെ അപേക്ഷ കേട്ട് ലോത്തിനെയും കുടുംബത്തേയും രക്ഷിക്കുന്നതിനു തീരുമാനിച്ചു.

തുടർന്നു രണ്ടു ദൈവദൂതന്മാർ, സോദോമിലേക്കു വന്നു ലോത്ത് അവരെ വീട്ടിൽ കൈക്കൊണ്ടു സൽക്കരിച്ചു. അവിടെയും പട്ടണക്കാർ വന്ന് മ്ലേച്ഛകരമായി പ്രവർത്തിച്ചു. ദൈവം അവർക്ക് അന്ധത പിടിപ്പിച്ച ശേഷം ദൂതന്മാർ ലോത്തിനെയും കുടുംബത്തെയും പട്ടണത്തിന്റെ പുറത്തുകൊണ്ടുപോയി അവരോടു ഇപ്രകാരം കല്പിച്ചു "ജീവരക്ഷയ്ക്കായി ഓടിപ്പോക. പുറകോട്ടു നോക്കരുത്; ഈ പ്രദേശ ത്തെങ്ങും നില്ക്കയുമരുത് നിനക്കു നാശം ഭവിക്കാതിരിപ്പാൻ പർവ്വത ത്തിലേക്കു ഓടിപ്പോക" എന്നു പറഞ്ഞു. എന്നാൽ ലോത്തിന് പർവ്വത ത്തിലേക്കു ഓടാൻ കഴിയില്ല എന്നു പറഞ്ഞ് അടുത്തുള്ള പട്ടണത്തി ലേക്ക് ഓടുവാൻ അനുവാദം കൊടുത്തു.

എന്നാൽ ദൈവദൂതൻ അമർച്ചയായി കല്പിച്ച കാര്യങ്ങൾ ലംഘിച്ച് മറുതലിച്ച് (അവഗണിച്ച്) ലോത്തിന്റെ ഭാര്യ താൻ കഴിഞ്ഞ നാളുകളിൽ നേടിയതായ ഭൗതിക സമ്പത്തിലേക്കു തിരിഞ്ഞുനോക്കുവാനിടയായി (ഫിലി.3:14, 1 തിമൊ.6:10,11) ഇവിടെയാണ് അവൾക്കു ഭോഷത്തം സംഭ വിച്ചത്. ഇതാ ഇന്ന് സകലർക്കും മുന്നറിയിപ്പ് എന്നവണ്ണം "ഒരുനോക്കു കുത്തി" (പ്രതിമ)യായി നിലകൊള്ളുന്നു. നോക്കൂ! എത്ര ശോചനീയമായ അവസ്ഥ. തന്റെ കുടുംബത്തിന്റെ ഭദ്രത തകർന്നുവെന്നു മാത്രമല്ല തന്റെ മക്കൾ 2 പേരും ഭോഷത്തമായി ചിന്തിച്ചതിന്റെ പരിണത ഫലമായി ശപിക്ക പ്പെട്ട 2 തലമുറകളും ഉണ്ടായി. ചിന്തിക്കുക എത്ര പരിതാപകരമായ അവസ്ഥ.

ആകയാൽ സഹോദരിമാരായ നാം ദൈവിക കല്പനകൾ മറുത ലിച്ച് ഭോഷത്തത്തിന് അടിമകളായി കുടുംബഭദ്രത നശിപ്പിക്കാതെ, രൂത്തിനെപ്പോലെ ദൈവിക ജ്ഞാനം പ്രാപിച്ച് ഭവനം പണിയുന്ന വരായിത്തീരുവാൻ സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കട്ടെ.

**സാറാമ്മ ശശി, കവിയൂർ**

# ഓളങ്ങളും തിരമാലകളും

ക്രിസ്തീയ വിവാഹങ്ങളും കുടുംബജീവിതവും ക്രിസ്തുവിനോടുകൂടി ആരംഭിക്കുന്നു. എങ്കിലും പല ക്രിസ്തീയ കുടുംബങ്ങളും ധാരാളം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലത്ത് നാം ജീവിക്കുന്നു. എന്താണ് ഇത്തരം വെല്ലുവിളികൾ മൂലം ക്രിസ്തീയ കുടുംബങ്ങളിൽ പലതും മുങ്ങിത്താണു പോകാൻ കാരണം? വെല്ലുവിളികൾ ഉയരുമ്പോൾ ഭാര്യാഭർത്താക്കന്മാരും മക്കളും ഒന്നിച്ചുനിന്ന് ഹൃദയ ഐക്യത്തോടും ആത്മഭാരത്തോടും പ്രാർത്ഥനയോടും കൂടി ഈ വെല്ലുവിളികളെ നേരിടേണ്ടതല്ലേ?

ഒട്ടനവധി കുടുംബപ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെടുന്നതിൽ നിന്നും മനസ്സിലാകുന്നത് വിശ്വാസികളുടെ കുടുംബജീവിത പ്രശ്നങ്ങൾ അടിസ്ഥാനമായി പറഞ്ഞാൽ ആത്മീയ പ്രശ്നമാണ് എന്നതാണ്. ദമ്പതികളിൽ ഒരാളോ അഥവാ രണ്ടുപേരുമോ ആത്മീയ അധഃപതനത്തിലായിരിക്കുമ്പോഴാണ് അവർക്ക് സ്നേഹം, ഐക്യം, ക്ഷമിക്കാനുള്ള കഴിവ് ഇവ നഷ്ടപ്പെടുന്നത്. ആത്മീയ അധഃപതനം എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം അവരുടെ ജീവിതം ജഡികമയമാണ് എന്നു തന്നെയാണ്. അഥവാ അവർ പിന്മാറ്റജീവിതം നയിക്കുന്നു എന്നർത്ഥം. ഏറ്റു പറയാത്ത പാപങ്ങളാൽ അവർ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചുകൊണ്ട് ജീവിക്കുമ്പോൾ അവരുടെ ബന്ധത്തെ നിയന്ത്രിക്കുന്നത് ജഡത്തിന്റെ ആയുധങ്ങളായ പിണക്കം, പക, ക്രോധം ശാഠ്യം, ഭിന്നത അസൂയ, മത്സരം മുതലായവയാണ് (ഗലാത്യർ 5:19–21) ഈ ജഡികായുധങ്ങൾ പ്രയോഗിച്ച് അവർ യുദ്ധം ചെയ്യുകയും അവരുടെ ഹൃദയങ്ങൾ അതിവേഗം അകലുകയും ചെയ്യുന്നു. പലരും സംശയം എന്ന മാരകമായ മാനസിക പ്രശ്നത്തിന് അടിമകളായി പങ്കാളികളെ വെറുത്ത് പരസ്പരം വിദ്വേഷത്തിൽ കൂടി ക്രൂരമായി പ്രതികരിക്കുന്നു. ആകയാൽ വിശ്വാസികളുടെ കുടുംബജീവിത പ്രശ്നങ്ങൾ ആത്യന്തികമായി ആത്മീയപ്രശ്നങ്ങളാകുന്നു എന്ന് മനസ്സിലാക്കുവാനുള്ള താഴ്മ, വിനയം, സമർപ്പണം ഇവ അവർക്കുണ്ടാകുവാൻ ഇടയാകുകയും അനാത്മികതകളെ ദൈവാത്മാവിന്റെ സഹായത്തോടും ഏറ്റു

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ "സന്തുഷ്ട ക്രിസ്തീയ കുടുംബം" എന്ന പുസ്തകത്തിൽ നിന്നും**

പറച്ചിലോടുംകൂടെ പരിഹരിക്കുകയും ചെയ്യാൻ അവർക്കിടയായാൽ പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിച്ച് ഐക്യമത്യത്തോടെ മുന്നോട്ടു പോകുവാൻ അവർക്ക് സാധിക്കും.

ജഡമാണ് ദമ്പതികളെ നയിക്കുന്നതെങ്കിൽ അവരിൽ ജഡിക സ്വഭാവങ്ങൾ പ്രത്യക്ഷപ്പെടും. ജഡം പരസ്പരം കുറ്റപ്പെടുത്തുവാൻ ശ്രമിക്കും. ജഡം പങ്കാളിയിൽ നിന്നും അമിതമായും സ്വാർത്ഥമായും എല്ലാ കാര്യങ്ങളും പ്രതീക്ഷിക്കും. ജഡം അനൈക്യം വിതയ്ക്കും. ജഡം വാദപ്രതിവാദത്തിലൂടെ തന്റെ ഭാഗം ശരിയെന്നു സമർത്ഥിക്കാൻ ശ്രമിക്കും. ജഡം പ്രവർത്തിക്കുമ്പോൾ ശബ്ദം ഉയരുകയും ശരീരഭാഷ പരിഹാസ്യവും ക്രൂരവും ആയിത്തീരുകയും ചെയ്യും. ജഡം കുറ്റം കണ്ടുപിടിക്കാൻ ശ്രമിക്കും. ജഡത്തിന് ക്ഷമിക്കാൻ വലിയ പ്രയാസ മായിരിക്കും. സ്വന്തം കുറവുകൾ കാണുവാനും അത് സമ്മതിക്കുവാനും ജഡത്തിന് മനസ്സുവരുകയില്ല. ജഡത്തെ അതിന്റെ എല്ലാ സ്വഭാവ വൈകൃതങ്ങളോടുംകൂടി ക്രൂശിക്കുകയും മരിപ്പിക്കയും ചെയ്തു ജീവന്റെ പുതുക്കത്തിൽ ജീവിക്കുവാൻ ശ്രമിക്കുമ്പോൾ മാത്രമേ കുടുംബത്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ എന്ന സത്യം ദമ്പതികൾ മനസ്സിലാക്കുകയും അതനുസരിച്ച് മനോഭാവങ്ങൾ വ്യത്യാ സപ്പെടുത്തുകയും വേണം.

ദമ്പതികൾ മാതാപിതാക്കൾ ഉൾപ്പെടെ മറ്റെല്ലാവരിൽ നിന്നും എല്ലാറ്റിൽ നിന്നും 'വിട്ടുപിരിഞ്ഞ്' തമ്മിൽത്തമ്മിൽ പറ്റിച്ചേരുന്ന അനുഭവമാണ് ക്രിസ്തീയ കുടുംബജീവിതത്തിൽ സംഭവിക്കേണ്ടത്. വേറെ യാതൊരു വ്യക്തിയെയോ ശക്തിയെയോ വസ്തുവിനെയോ താത്പര്യത്തെയോ തങ്ങളുടെയിടയിൽ കയറാൻ അനുവദിച്ചാൽ അത് ദമ്പതികൾക്കിടയിൽ വിടവുണ്ടാക്കും. ചിലർക്ക് അത് മാതാപിതാ ക്കളും ബന്ധുക്കളും ആയിരിക്കും. മറ്റു ചിലർക്ക് അത് ജോലിയോ ബിസിനസ്സോ ആയി എന്നു വരാം. വേറെ ചിലർക്ക് അത് സ്പോർട്സ് അല്ലെങ്കിൽ കമ്പ്യൂട്ടറോ മറ്റു താത്പര്യങ്ങളോ സുഹൃദ്ബന്ധങ്ങളോ ആയിരിക്കാം. അങ്ങനെ ദമ്പതികളുടെയിടയിൽ കയറിക്കൂടി അവരെ തമ്മിൽ അകറ്റാൻ ഇടയാകുന്ന എല്ലാ ശക്തികളെയും തങ്ങളിൽ നിന്നകറ്റി അർഹിക്കുന്ന സ്ഥാനം മാത്രം കൊടുത്താൽ ഒരുവിധ ദാമ്പത്യപ്രശ്നങ്ങൾ എല്ലാം തന്നെ പരിഹരിക്കാൻ സാധിക്കും.

ദമ്പതികളുടെ ബന്ധത്തിലെ ഏറ്റക്കുറച്ചിലുകളോ അപസ്വര ങ്ങളോ ഒക്കെ മാതാപിതാക്കളോടോ മറ്റുള്ളവരോടോ പറഞ്ഞ് പെരു പ്പിച്ചു അവരിൽക്കൂടി നിഷേധാത്മകമായ വിമർശനങ്ങൾ ശ്രദ്ധിക്കുന്നത്

ഹൃദയങ്ങൾ കഠിനപ്പെടാനും ദമ്പതികൾ തമ്മിൽ കൂടുതൽ അകലാനും ഇടയാക്കും എന്നത് സംശയാതീതമാണ്. ഇത് വിട്ടൊഴിഞ്ഞു സൂക്ഷ്മതയോടെ ജീവിക്കാൻ എല്ലാ ദമ്പതികൾക്കും സാധിക്കണം.

ദമ്പതികളിൽ ഒരാളിൽ ബലഹീനതകൾ കണ്ടാൽ, അത് സ്വഭാവത്തിലോ പെരുമാറ്റത്തിലോ എന്തിലായാലും, ആ പങ്കാളിയോട് ഹൃദയംഗമായി ക്ഷമിക്കാനും പങ്കാളിക്കുവേണ്ടി പ്രാർത്ഥനയിൽ പോരാട്ടം കഴിക്കുവാനും സ്നേഹത്തിൽ ഇടപെട്ട് നല്ല മാതൃക കാണിച്ചു കൊടുത്ത് പങ്കാളിയെ നേടിയെടുക്കാനുമുള്ള ഹൃദയവിശാലതയും കാഴ്ചപ്പാടും പങ്കാളിയിൽ ഉണ്ടായാൽ അത് തീർച്ചയായും മാതൃകാപരമായിരിക്കും. നാബാലിനുവേണ്ടി ദാവീദിനോട് പക്ഷവാദം കഴിക്കുന്ന അബീഗയിലും (1 ശമുവേൽ 25), റെബേക്കയ്ക്കുവേണ്ടി 20 വർഷങ്ങൾ പ്രാർത്ഥിച്ച യിസഹാക്കും ഇതിന് ഉദാത്തമായ മാതൃകകളാണ്.

ദമ്പതികളുടെ ചിന്താഗതി, പങ്കാളികൾക്ക് മറ്റേ പങ്കാളിയിൽ നിന്നും എന്തുലഭിക്കും എന്നായിരിക്കരുത്, പ്രത്യുത തനിക്ക് പങ്കാളിക്കായി എന്തു ചെയ്യാൻ സാധിക്കും എന്നായിരിക്കേണ്ടതാണ്. പങ്കാളിക്കായി തന്നെത്താൻ കൊടുക്കുകയും പങ്കാളിയെ സ്വന്തശരീരത്തെപ്പോലെ സ്നേഹിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ ഭർത്താവ് (എഫെസ്യർ 5:22-32). ഭർത്താവിനെ കർത്താവിനെപ്പോലെ കരുതി ആദരിക്കുകയും മനസ്സോടെ ഭർത്താവിന് കീഴടങ്ങി അതിൽ സംതൃപ്തി കണ്ടെത്തുകയും ചെയ്യുക എന്നതാണ് ഭാര്യയിൽ നിന്നും വചനം പ്രതീക്ഷിക്കുന്നത് (കൊലൊസ്യർ 3:1819). അന്യോന്യം കൈപ്പായിട്ടല്ല, സന്തോഷമായും സ്നേഹമായും കഴിയാനായിട്ടാണ് ദൈവം രണ്ടുപേരെ ഒന്നിച്ചു ചേർത്തു കുടുംബമാക്കിത്തീർത്തത്. ഈ സത്യം എല്ലാ ക്രിസ്തീയ ദമ്പതികളിലും പ്രായോഗികമായി കാണപ്പെടാൻ ദൈവം ആഗ്രഹിക്കുന്നു.

ദൈവവചന പ്രമാണങ്ങൾക്കു വിരുദ്ധമായ പ്രവണതകളുടെ വിത്തുകൾ ദമ്പതികളുടെ ഹൃദയത്തിൽ വിതയ്ക്കുന്നത് ശത്രുവായ സാത്താനാണ് എന്ന് അവരും മറ്റുള്ളവരും മനസ്സിലാക്കണം. ദമ്പതികൾക്ക് പോരാട്ടമുള്ളത് ജഡ രക്തങ്ങളോടല്ല (എഫെസ്യർ 6:12). അവരുടെ പങ്കാളികൾ അവരുടെ ശത്രുക്കളല്ല, ആജീവനാന്തമിത്രങ്ങളാണ് എന്ന യാഥാർത്ഥ്യം അവർ അംഗീകരിക്കണം. ആ വ്യക്തിയെ ദൈവം അനാദികാലത്തിനുമുമ്പെ നിങ്ങൾക്കായി തിരഞ്ഞെടുത്ത്, രക്ഷയുടെ അനുഭവം കൊടുത്ത്, നിങ്ങൾക്ക് തന്നിരിക്കയാൽ, ഒരു വിലതീരാത്ത സമ്മാനമായി സന്തോഷത്തോടെ സ്വീകരിച്ച്,

പക്വതയോടെ പരിചരിച്ച്, ജീവിക്കാൻ ദൈവം ദമ്പതികളെക്കുറിച്ചാഗ്രഹിക്കുന്നു. ദാമ്പത്യബന്ധം രണ്ടുപേർ തമ്മിലുള്ള കേവല ബന്ധമല്ല, പ്രത്യുത ദമ്പതികളും ദൈവവും ചേർന്ന ഒരു സ്വർഗ്ഗീയ ബന്ധമാണ് (സഭാപ്രസംഗി 4:9-12). കുടുംബജീവിതം ദൈവവും ദമ്പതികൾ രണ്ടുപേരുംകൂടെ ചേർന്ന് ഒരു മുപ്പിരിച്ചരട് പോലെ ആകുന്നു. ദൈവം ആ ചരടിൽ ഉണ്ട് എങ്കിൽ ആ ചരട് അറ്റുപോകാൻ സാധ്യതയില്ല എന്നു ജ്ഞാനിയായ ശാലോമോൻ പറയുന്നു.

ദാമ്പത്യപ്രശ്നങ്ങൾക്കെല്ലാമുള്ള ഏറ്റവും നല്ല പരിഹാരം അനുതാപമുള്ള ഹൃദയത്തോടുകൂടി ജീവിക്കുകയും തുടർമാനമായി ദൈവാത്മാവിൽ നിറഞ്ഞ് അന്യോന്യം സ്നേഹിക്കയും ഇടപെടുകയും ചെയ്യുകയാണ്. അങ്ങനെയെങ്കിൽ സ്വഭാവ-പെരുമാറ്റ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. പരസ്പരം സ്നേഹത്താൽ നിറയും. അന്യോന്യമുള്ള കുറ്റപ്പെടുത്തലുകൾ അപ്രത്യക്ഷമാകും. അമിതപ്രതീക്ഷകൾ ത്യാഗസമ്പൂർണ്ണമായി പങ്കാളിയെ സേവിക്കുന്നതിന് വഴിമാറും. ശത്രുതയ്ക്കുപകരം ദമ്പതികൾ മിത്രങ്ങളായി പരിലസിക്കും. ജഡത്തിന്റെ പ്രവൃത്തികൾ മാറി ആത്മാവിന്റെ ഫലങ്ങളാൽ നിറഞ്ഞുവരും. കുടുംബത്തിന് ആത്മീയ ദർശനങ്ങൾ ലഭിക്കാനും ഐക്യമത്യത്തിൽ ജീവിക്കുവാനും സാധിക്കും. അങ്ങനെയുള്ള കുടുംബത്തിൽ ക്രിസ്തു നാഥനായി വാഴുകയും ദമ്പതികൾ ക്രിസ്തുവിനോടുകൂടി രാജാവും രാജ്ഞിയുമായി വാഴുകയും ചെയ്യും.

**ഡോ. ഉമ്മൻ ഫിലിപ്പ്, തിരുവനന്തപുരം**

***"ഞാനോ എളിയവനും***
***ദരിദ്രനും ആകുന്നു;***
***ദൈവമേ, എന്റെ അടുക്കൽ വേഗം വരേണമേ;***
***നീ തന്നേ എന്റെ സഹായവും എന്നെ***
***വിടുവിക്കുന്നവനും ആകുന്നു;***
***യഹോവേ, താമസിക്കരുതേ"***

***(സങ്കീർത്തനങ്ങൾ 70:5)***

# യാത്ര

കോട്ടയം റെയിൽവേ സ്റ്റേഷനിൽ പതിവില്ലാതെ തിരക്കായിരുന്നു അന്നു രാവിലെ. പത്രക്കാർ, ഫോട്ടോഗ്രാഫർമാർ, പോലീസുകാർ, തിരുവനന്തപുരം വണ്ടിയിൽ വന്നിറങ്ങിയവർ, പോകാൻ വന്നവർ, സ്വീകരിക്കാനും യാത്ര അയയ്ക്കുവാനും വന്നവർ, ജനക്കൂട്ടത്തെ നിയന്ത്രിക്കുവാൻ ആർ. പി. എഫ് ഉം. കേരള പോലീസും. രംഗം കണ്ടാൽ ഇത്ര വലിയ ആൾക്കൂട്ടത്തിന് കാരണമെന്ത് എന്ന് ചോദിക്കുന്നതിൽ അതിശയമില്ല. വണ്ടി 10 മിനിറ്റ് വൈകിയാണ് വന്നത്. തിരുവനന്തപുരം സെൻട്രൽ ജയിലിലേക്ക് നാല് പ്രതികളെ ആ വണ്ടിയിൽ കൊണ്ടുപോകുന്നുണ്ടായിരുന്നു. അവരെ കാണുവാനാണ് ജനം തടിച്ചു കൂടിയത്. കരിക്കൻ വില്ല കേസിലെ പ്രതികളെ ജീവപര്യന്തം ശിക്ഷയ്ക്ക് വിധിച്ചു. പോലീസ് അവരെ സബ്ജയിലിൽ നിന്നും ഏറ്റുവാങ്ങി. സെൻട്രൽ ജയിലിൽ സുരക്ഷിതമായി എത്തിക്കുക എന്നതായിരുന്നു അവരുടെ കടമ. ആ നാല് ആളുകൾക്ക് ജീവിത യാത്രയിലെ പുതിയൊരു പാതയായിരുന്നു അത്. ഒരാൾ ആഫ്രിക്കക്കാരൻ, അപരൻ മലേഷ്യ, വേറൊരാൾ സിംഗപ്പൂർ, മറ്റൊരാൾ മലയാളി. അവർ നാലുപേരും ശിക്ഷ അനുഭവിക്കാൻ പോവുകയാണ് ജീവപര്യന്തം.

അവരെക്കുറിച്ചും അവരുടെ കേസ്, വിസ്താരം, വിധി എന്നിവയ്ക്കും വേണ്ടി പല പത്രങ്ങൾ പേജുകൾ മാറ്റിവെച്ചു, അനുകൂലമായും പ്രതികൂലമായുമുള്ള വശങ്ങൾ ജനങ്ങളുടെ കണ്ണിൻ മുന്നിൽ വരച്ചു കാട്ടി. കൊലചെയ്ത വിധം ഏതു ചെറിയ ശിശുവിനും മനസ്സിലാകുന്ന ഭാഷയിൽ പരിചയസമ്പന്നരായ അധ്യാപകരുടെ മികവിൽ മനസ്സിലാക്കിക്കൊടുത്തു. കുറ്റം ചെയ്തതിലും മറവുചെയ്തതിലും തെളിവു നശിപ്പിക്കുന്നതിലും ഇവർക്കു വന്ന അബദ്ധങ്ങൾ ഉയർത്തിക്കാട്ടി. ഇനി ആരെങ്കിലും ഇങ്ങനെ ചെയ്താൽ മുൻകരുതൽ എന്നോണം.

വാർത്താമാധ്യമങ്ങൾ വിശ്വസ്തമായി കാര്യങ്ങൾ റിപ്പോർട്ട് ചെയ്യണം. എങ്കിലേ കർത്തവ്യങ്ങൾ വിജയിക്കൂ. പരാജയപ്പെട്ടാൽ നിലനില്പില്ലല്ലോ ഒരു രംഗത്തും. ഏറ്റുമാനൂരെ വിഗ്രഹ മോഷണം പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തത് ഞാനും ശ്രദ്ധാപൂർവ്വം വായിക്കുന്നുണ്ടായിരുന്നു. വിരലടയാളം വഴി പ്രതികളെ പിടിക്കാതിരിക്കു

ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
**“തടവുകാരെ തേടി”**
എന്ന പുസ്തകത്തിൽ നിന്നും

വാൻ ചെയ്ത മുൻകരുതലുകൾ പോലും പത്രത്തിൽ വിവരിച്ചു കൊടുത്തു. എന്തിനു പറയുന്നു, വിദഗ്ദ്ധവും ആധുനികവുമായ വിധത്തിൽ കുറ്റം ചെയ്യുന്നതിനും ചെയ്ത കുറ്റം മറച്ചുവയ്ക്കുന്നതിനും പൊതുജനങ്ങളെ അഭ്യസിപ്പിക്കുന്ന ജോലിയും നമ്മുടെ ദിനപ്പത്രങ്ങളും ആഴ്ചപ്പതിപ്പുകളും ഏറ്റെടുത്തു എന്നു തോന്നും ചില സംഭവങ്ങളുടെ റിപ്പോർട്ട് വായിച്ചാൽ. ഇതേ ദിവസങ്ങളിലാണ് ആ വർഷത്തെ പ്രീഡിഗ്രി പരീക്ഷാഫലവും പ്രസിദ്ധം ചെയ്തത്. രണ്ടുവർഷം കഠിനാധ്വാനം ചെയ്ത്, ഉറക്കമിളച്ച് ഉയർന്ന മാർക്ക് വാങ്ങി പാസ്സായ വിദ്യാർത്ഥിക്കുവേണ്ടി രണ്ട് മൂന്ന് സെന്റീമീറ്റർ മാത്രം മാറ്റിവച്ച പത്രക്കാർ വിഗ്രഹമോഷണത്തിനുവേണ്ടി പേജുകൾ ദിവസങ്ങൾ തോറും.

എന്റെ ജീവിതത്തിലെ ഒരു യാത്രയെക്കുറിച്ച് ഈ അവസരത്തിൽ ഓർക്കുന്നു. 1972 സെപ്റ്റംബർ 27-ാം തീയതി ഹൗറാ മദ്രാസ് മെയിൽ ആന്ധ്രയിലെ വാൾട്ടയർ സ്റ്റേഷനിൽ നിന്നും വളരെ പ്രതാപത്തോടെ നീങ്ങി. ഞങ്ങളെ കുടുംബമായി സ്നേഹിക്കുകയും ഒന്നിച്ച് ആരാധിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരു സംഘം തെലുങ്ക് സ്നേഹിതന്മാരും സഹോദരന്മാരും എന്റെ ഓഫീസിലെ സ്റ്റാഫ് അംഗങ്ങളും കമ്പനി ബന്ധത്തിലും പരിചയത്തിലുമുള്ള ആളുകളും അങ്ങനെ ഒരു നല്ല കൂട്ടം ഞങ്ങളുടെ കമ്പാർട്ട്മെന്റിനു വെളിയിൽ പ്ലാറ്റ് ഫോമിൽ കൂടി. സുദർശൻ എന്നു പേരുള്ള മാന്യ സുഹൃത്ത് അവിടെവച്ച് പ്രാർത്ഥിച്ചു. നീങ്ങിയ വണ്ടി ദൃഷ്ടിയിൽ നിന്നും മറയുന്നതുവരെ ആ പ്രിയപ്പെട്ടവർ കൈ ഉയർത്തി യാത്രാമംഗളം നേരുന്നുണ്ടായിരുന്നു. ഞാൻ ജോലി ചെയ്തിരുന്ന കമ്പനിയിൽ അവസാനത്തെ രണ്ട് വർഷം വിശാഖപട്ടണം ഓഫീസിന്റെ മാനേജർ പദവിയിൽ ഞാൻ കഴിഞ്ഞു. ഈ യാത്ര എന്റെ പല യാത്രകളുംപോലെ ആയിരുന്നില്ല. ജീവിതത്തിന്റെ പുതിയ അധ്യായം ആരംഭിക്കുകയാണ്. എന്റെ ലക്ഷ്യം മാറി, യജമാനൻ മാറി, മുൻഗണനയുടെ പട്ടികയിൽ മാറ്റം വന്നു. വിശ്വാസത്താൽ ജീവിക്കുക എന്ന തത്ത്വശാസ്ത്രം ക്രിയാത്മകമാകുവാൻ പോകുന്നു. വ്യാവസായിക ലാഭം ലക്ഷ്യമാക്കിയുള്ള ഏർപ്പാടുകൾ തീർന്നു. ഉന്നത നിയോഗത്തോടുള്ള (Great Commission) പൂർണ്ണമായ അനുസരണത്തിൽ ആയുസ്സു മുഴുവനും യേശുക്രിസ്തുവിനെ സേവിക്കുവാനും ആ സ്നേഹം ജയിലുകളിലുള്ളവരോട് അറിയിക്കുവാനുമുള്ള എന്റെ യാത്രയാണിത്. വിശ്വാസവും ഒപ്പം സംശയവും എന്നിലുണ്ടായിരുന്നു. സെമിനാരിയിലോ ബൈബിൾ കോളജിലോ ഞാൻ പഠിച്ചിട്ടില്ല.

സുവിശേഷവേലയിൽ പരിചയമില്ല. പ്രത്യേകമായ ഒരു പ്രവർത്തനമേഖല ആയിരുന്നതിനാൽ മുൻ പരിചയമുള്ളവർ ആരും ഉള്ളതായി പറഞ്ഞു കേട്ടിട്ടില്ല. എനിക്ക് ചില സുവിശേഷകന്മാരെ അറിയാമായിരുന്നു

അവരുടെ സഹായവും സഹകരണവും ഞാൻ പ്രതീക്ഷിച്ചു. ആ പ്രതീക്ഷ തികച്ചും അസ്ഥാനത്തായിരുന്നു എന്ന് വേഗം മനസ്സിലാക്കുവാനും കഴിഞ്ഞു. എന്റെ കൂട്ടത്തിൽ തീവണ്ടിയിൽ എന്റെ ഭാര്യയും മക്കൾ ഇരുവരും ഉണ്ടായിരുന്നു. അവരുടെ സന്ധാരണം, മക്കളുടെ വിദ്യാഭ്യാസം ഇവ എങ്ങനെ നടക്കും? എനിക്ക് താമസിക്കുവാൻ വീടില്ല, വാടകയ്ക്ക് എടുക്കണം. ആര് വീട് തരും? എങ്ങനെ വാടക കൊടുക്കും? ദൈനംദിന ആവശ്യങ്ങൾ എങ്ങനെ നേരിടും? അടുത്ത നേരത്തെ ആഹാരം ഇന്ന സ്ഥലത്തുനിന്നും വരും എന്ന് കരുതുവാൻ ഒരിടവും ഇല്ലാത്തവനായി ഞാൻ ഇറങ്ങി. എന്റെ കൂടെ എന്റെ ഭാര്യയും അഞ്ചും രണ്ടും വയസ്സുള്ള മക്കളും.

'ദൈവമേ, പ്രവർത്തനം പരാജയപ്പെടുമോ, കാര്യങ്ങൾ നടക്കാതെ വരുമോ' ഇങ്ങനെയുള്ള ചിന്തകളൊക്കെ മനസ്സിനെ അലട്ടുന്നതിനിടയിൽ, വണ്ടി പല സ്റ്റേഷനുകൾ പിന്നിട്ടത് അറിഞ്ഞില്ല. സന്ധ്യ ആകാറായപ്പോൾ സമൽ കോട്ട സ്റ്റേഷനിൽ എത്തി. ഞങ്ങളുടെ യാത്രാ പരിപാടി നേരത്തെ അറിയിച്ചിരുന്നതിനാൽ കൽക്കത്തയിൽ വച്ച് പരിചയമുണ്ടായിരുന്ന നാരായണൻ എന്ന സഹോദരൻ സ്റ്റേഷനിൽ വന്നിരുന്നു. അദ്ദേഹം ശ്രീകാകുളം എന്ന സ്ഥലത്ത് നക്സൽബാരികളുടെ ഇടയിൽ സുവിശേഷം അറിയിക്കുന്ന ആളാണ്. ട്രെയിൻ വിടാറായപ്പോൾ അദ്ദേഹം വലിയ ഒരു പൊതി തന്നിട്ട് പോയി. അത് ചിക്കൻ ബിരിയാണി ആയിരുന്നു. ദൈവത്തിന്റെ കരുതലിനെ അന്ന് ആദ്യമായി ഈ നിലയിൽ അനുഭവിക്കുവാൻ കഴിഞ്ഞു. ജീവപര്യന്തം സേവനത്തിനു വേണ്ടിയുള്ള ആ യാത്ര പലപ്പോഴും പരുക്കൻ വഴികളിലൂടെയാണ്. സുഖകരമായ യാത്രയല്ല വാഗ്ദാനം ചെയ്തിരിക്കുന്നത് ക്ഷേമമായ അന്ത്യമാണ് (Sailing is rough but a Safe arrival is promised) കടപ്പാടുകൾ മാത്രമുള്ള യാത്ര. അനേകരുടെ ദുഃഖത്തിൽ ആശ്വാസവും നിരാശയിൽ ആശയും നല്കുന്ന യാത്ര. അനേകരുടെ ചുമടുകൾ താങ്ങുവാനും പ്രശ്നങ്ങൾ പരിഹരിക്കുവാനും വേണ്ടിയുള്ള യാത്ര. ജീവിതത്തിന്റെ പടവുകളിൽ തട്ടി വീണവരെ കൈക്ക്പിടിച്ച് എഴുന്നേല്പ്പിച്ച് നടത്തുവാനും ജീവിതത്തിന് അർത്ഥവും അന്തസ്സും അഭിമാനവും നല്കുവാനും യത്നിക്കുന്ന യാത്ര. കുറ്റകൃത്യങ്ങളും അവയുടെ പരിണതഫലങ്ങളും വരുത്തിവച്ച വൻ വിനകളിൽ നിന്നും ഭീമമായ നഷ്ടത്തിൽ നിന്നും കരകയറുവാനുദ്യമിക്കുകയും അനുവദിക്കുകയും ജീവിതത്തെ അതിന്റെ ശില്പി ആഗ്രഹിക്കുന്ന വിധത്തിൽ ആക്കിത്തീർക്കുവാനും. ജീവിതം ലാഭകരമാക്കുവാനുള്ള തീവ്രയത്നം ഭാരമുള്ളതെങ്കിലും പ്രതിഫലമുള്ള അദ്ധ്വാനത്തിന്റെ യാത്ര. കരയുന്നവരുടെ കണ്ണുനീരൊപ്പുവാൻ തിടുക്കം കാണിക്കുന്ന യാത്ര.

മറ്റെല്ലാറ്റിനെക്കാളും മനുഷ്യാത്മാവിനു വിലകൊടുത്തുകൊണ്ടുള്ള ഓട്ടം. ഈ യാത്രയിൽ ഒട്ടേറെ പങ്കാളികളുണ്ട്. 86 ഏപ്രിൽ

മാസത്തിൽ ഇന്ത്യയിലെ 19 സംസ്ഥാനങ്ങളിൽ നിന്നായി തടവുകാരുടെ ആത്മികവും ഭൗതികവും ശാരീരികവുമായ ക്ഷേമത്തിനുവേണ്ടി മുടങ്ങാതെ അദ്ധ്വാനിക്കുന്ന 106 പേർ ബാംഗ്ലൂരിൽ സമ്മേളിക്കുകയുണ്ടായി. ആഗസ്റ്റ് മാസം രണ്ടു മുതൽ 10 വരെ കെനിയയിലെ നൈറോബി പട്ടണത്തിൽ 65 രാജ്യങ്ങളിൽ നിന്നായി 400 പ്രതിനിധികൾ സമ്മേളിച്ചു. അവരുടെയും ലക്ഷ്യവും മേൽപ്പറഞ്ഞതു തന്നെ. ഈ ലക്ഷ്യം ലാക്കാക്കി ഓടുന്ന അനേകരോട് ചേർന്ന് ഓടുന്നതിൽ ഞാനും സന്തുഷ്ടനാണ്. കഴിഞ്ഞ 14 വർഷത്തെ യാത്രയിൽ നിന്നും നന്ദിയോടെ ഓർക്കുവാനുള്ള നിരവധി കാര്യങ്ങൾ ഉണ്ട്. മരുഭൂമിയിലൂടെ 40 വർഷം ദൈവത്താൽ യിസ്രായേൽ ജാതി നടത്തപ്പെട്ടപ്പോൾ അവരുടെ ചെരുപ്പ് തേഞ്ഞു പോയില്ല, വസ്ത്രം പഴകി പോയില്ല, കാലിൽ നീര് വച്ചില്ല എന്റെ അനുഭവവും അത് തന്നെ. തേഞ്ഞുതീരുന്നതിന് മുമ്പ് തന്നെ പുതിയ ചെരിപ്പ് തന്നു. പഴകുന്നതിന് മുമ്പ് തന്നെ പുതിയ പുതിയ വസ്ത്രങ്ങൾ തന്നു. കാലിനും നീരുവച്ചില്ല. മതിയാവോളം വിശ്രമവും വാഹനസൗകര്യവും തന്നു. പാറയിൽ നിന്നും മധുരമുള്ള വെള്ളവും മരുഭൂമിയിൽ മൃഷ്ടാന്നഭോജനവും തന്ന് പോഷിപ്പിച്ചു. ഒരിക്കൽ പോലും പട്ടിണി കിടക്കേണ്ടി വന്നിട്ടില്ല. എന്റെ കാര്യങ്ങൾ മാത്രമല്ല കുടുംബത്തിന്റെ കാര്യവും നടത്തിത്തന്നു. സാമൂഹ്യകടപ്പാടുകളും അവസരത്തിന് ഒത്തവണ്ണം നിവർത്തിക്കുവാൻ കഴിഞ്ഞു. ലജ്ജിപ്പാൻ ഒരു രംഗത്തും ഇടയായിട്ടില്ല. അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോയില്ല.

ഈ യേശുക്രിസ്തുവിനായി അദ്ധ്വാനിക്കുന്നത് ലോകത്തിൽ ഏറ്റവും കാമ്യമായ കർത്തവ്യമാണ്. സംശയിക്കേണ്ട; ഏറ്റവും അധികം മനുഷ്യർ സേവിക്കുന്നതും യേശുക്രിസ്തു എന്ന യജമാനനെയാണ്. അവരെയെല്ലാം യേശു പോറ്റുന്നു. ഇന്ത്യയുടെ അംബാസിഡറായി മറ്റൊരു രാജ്യത്ത് പോകുന്നതിലും ശ്രേഷ്ഠമാണ് ക്രിസ്തുവിന്റെ അംബാസിഡറായി ജയിലുകളിൽ പോകുന്നത്. നിങ്ങൾ ഈ ക്രിസ്തുവിന്റെ ദാസനായി വേല ചെയ്യുന്നു എങ്കിൽ ലജ്ജിക്കേണ്ട ധൈര്യപ്പെടുക. നമ്മുടെ പ്രതിഫലത്തിന്റെ ദിവസം വരുന്നു. നമ്മെ മാനിക്കുന്ന നാളുകൾ ദൂരത്തല്ല. അന്ന് യജമാനൻ നിങ്ങളുടെ അദ്ധ്വാനത്തെ നോക്കി "നല്ലവനേ, വിശ്വസ്തനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, അധികത്തിനു ഞാൻ നിന്നെ വിചാരകനാക്കും" എന്ന് പറയുമോ? കരിക്കൻവില്ല കൊലക്കേസ് പ്രതികളുടെ യാത്ര 14 വർഷം നീണ്ടു നില്ക്കുന്ന ജീവപര്യന്തം ശിക്ഷയുടെ ഒന്നാം ഘട്ടം ആയിരുന്നുവെങ്കിൽ വാൾട്ടയർ സ്റ്റേഷനിൽ നിന്നും ആരംഭിച്ച യാത്ര, ആയുസ്സിനു ദൈർഘ്യവും യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനു താമസവും ഉണ്ടായാൽ ഞാൻ തുടരും, ജീവപര്യന്തം.

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

## Quest 93 - ന്റെ ശരി ഉത്തരങ്ങൾ

1. ഏബാൽ (യോശുവ 8:30)
2. അർബ്ബാ (14:15)
3. ലൂസ് (18:13)
4. ഏശാവിന് (24:4)
5. ശെഖേം (20:7)
6. ഏദ് (22:34)
7. കൂടാരത്തിന്റെ നടുവിൽ (7:21)
8. അഗ്രചർമ്മ ഗിരിയിങ്കൽ വച്ച് (5:3)
9. രണ്ട് (2:1)
10. കനാന്യർ (16:10)
11. മനശ്ശെ, എഫ്രയീം (14:4)
12. മലനാടായ ഹെബ്രോൻ,ദെബീർ, അനാബ്, യെഹൂദാ മലനാട്, യിസ്രായേല്യ മലനാട് (11:21)
13. മാഖീർ (17:1)
14. യോശുവ ജനത്തോട് (3:5)
15. രാവും പകലും (1:8)
16. 48 (21:41)
17. ഗിൽഗാലിൽ (4:20)
18. യഹോവ (10:42)
19. യഹോവ യോശുവയോട് കൂടെ ഇരുന്നതുകൊണ്ട് (6:27)
20. ഒത്നിയേലിന് (15:17)

## Quest 93-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
2. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
3. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
4. ജോയമ്മ സാംസൺ, കൊല്ലം
5. എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ
6. ലീല കെ.വി. പുളിയ്ക്കൽ കവല, കോട്ടയം
7. ജോളി ഷാജി, കരുവാറ്റ, അടൂർ
8. ലൈസ സാമുവേൽ, മുംബൈ
9. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
10. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ, തിരുവനന്തപുരം
11. സൂസൻ തോമസ്സ്, പട്ടം, തിരുവനന്തപുരം
12. സി.എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
13. ബ്ലെസി കെ. ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
14. വിദ്യാബാബു, പാറോട്ടുകോണം, തിരുവനന്തപുരം
15. കെസിയാ മാത്യൂ, കാട്ടായിക്കോണം, തിരുവനന്തപുരം
16. ബീനാ സുരേഷ്, കരകുളം, തിരുവനന്തപുരം
17. വിലാസിനി ഭാസ്ക്കരൻ, പുല്ലാട്, പത്തനംതിട്ട
18. രശ്മി, കുറ്റിയാണി, തിരുവനന്തപുരം
19. സിജു, കുറ്റിയാണി, തിരുവനന്തപുരം
20. സുജ സുനിൽ, ആറാംകല്ല്, തിരുവനന്തപുരം
21. ഷീന ബൈജു, വട്ടപ്പാറ, തിരുവനന്തപുരം
22. സിനി ബിനു, വെണ്ണിക്കുളം

**ക്വസ്റ്റ് 93-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**

**ക്വിസ് മാസ്റ്റർ**

## ഈ ലക്കം Quest 94 – ലെ ചോദ്യങ്ങൾ
## ന്യായാധിപന്മാരുടെ പുസ്തകത്തിൽ നിന്നുമാണ്

1. ഗിദെയോൻ പണിത യാഗപീഠത്തിന്റെ പേര് എന്ത്?
2. അബീമേലെക്കിന്റെ കാര്യസ്ഥൻ ആര്?
3. എഫ്രയീം ഭാഗത്തുള്ള യോർദ്ദാന്റെ കടവുകൾ പിടിച്ചത് ആര്?
4. ശിംശോൻ സ്നേഹിച്ച ദെലീല എന്ന് പേരുള്ള സ്ത്രീയുടെ ദേശം ഏത്?
5. മീഖാവ് ഏത് ദേശക്കാരനാണ്?
6. ഗിബെയോന്യദേശക്കാർ ഏത് ഗോത്രക്കാരായിരുന്നു?
7. ദൈവത്തെ കണ്ടതുകൊണ്ട് നാം മരിച്ചുപോകും എന്ന് പറഞ്ഞത് ആര്?
8. ഏഹൂദിന്റെ പിതാവ് ആര്?
9. "നിന്റെ ഒച്ച ഇവിടെ കേൾക്കരുത്" എന്ന് ദാന്യർ പറഞ്ഞത് ആരോട്?
10. കടംകഥ ചോദിച്ച ന്യായാധിപൻ ആര്
11. ആരോടാണ് നക്ഷത്രങ്ങൾ യുദ്ധം ചെയ്തത്?
12. ഗിദെയോനും അവന്റെ കുടുംബത്തിനും ഒരു കെണിയായി തീർന്നതെന്ത്?
13. "യഹോവ നമ്മുടെ മദ്ധ്യേ സാക്ഷി നീ പറഞ്ഞതുപോലെ ഞങ്ങൾ ചെയ്യും". ആര് ആരോട് പറഞ്ഞു?
14. എലെയാസറിന്റെ മകന്റെ പേര് എന്ത്?
15. കരയുന്നവർ എന്ന് അർത്ഥം വരുന്ന വാക്ക് ഏത്
16. യിസ്രായേലിൽ ന്യായപാലനം ചെയ്ത പ്രവാചകി ആര്?
17. ശിംശോന്റെ ഭാര്യയേയും അവളുടെ അപ്പനേയും തീയിലിട്ടു ചുട്ടുകളഞ്ഞത് ആര്?
18. അബീമേലെക്കിന്റെ ശേഷം യിസ്രായേലിനെ രക്ഷിപ്പാൻ എഴുന്നേറ്റ യിസ്സാഖാർ ഗോത്രക്കാരൻ ആര്?
19. ഗിദെയോൻ മുന്തിരിച്ചക്കിനരികെ വെച്ച് കൊന്നത് ആരെയാണ്?
20. അദോനീ-ബേസെക് മരിച്ച സ്ഥലം ഏത്?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 94-ന്റെ ഉത്തരങ്ങൾ 2024 ഏപ്രിൽ 29-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ** : **9087144349**

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society,
P.O. Box 2501, M.C.P.O. Trivandrum - 695011

# വിശ്വാസികൾ അനുവർത്തിക്കുന്നതിന്

1. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനമായ ഞായറാഴ്ച ജോലിക്കു പോകരുത്. ആരാധനയ്ക്കു പോകുക.
2. നാം ആയിരിക്കുന്ന സ്ഥലങ്ങളിൽ വിശ്വസ്തരായിരിക്കുക.
3. എല്ലാ മക്കളെയും ഒരുപോലെ സ്നേഹിക്കുക, കരുതുക.
4. കൂട്ടുകാരനെ തന്നെപ്പോലെ തന്നെ കരുതുക.
5. കൂട്ടുകാരന്റെ യാതൊന്നും മോഹിക്കരുത്.
6. നമുക്കു അർഹതയുള്ളതേ ആഗ്രഹിക്കാവൂ.
7. വഴക്കു വിലയ്ക്കു വാങ്ങിക്കരുത്.
8. തോളിൽ ഇരുന്ന് ചെവി തിന്നരുത്.
9. അനീതിയിൽ സന്തോഷിക്കരുത്.
10. കുറ്റം ചെയ്തിട്ട് അടികൊള്ളുന്നതിലും നല്ലത് കുറ്റം ചെയ്യാതെ അടികൊള്ളുന്നതാണ്.
11. ഒരു നല്ല കാര്യത്തിനുവേണ്ടി മരിപ്പാനും ഒരുങ്ങുക.
12. വരവനുസരിച്ചേ ചെലവു ചെയ്യാവൂ.
13. പഞ്ഞം പറഞ്ഞു നടക്കരുത്.
14. കാടിയാണെങ്കിലും മൂടി കുടിക്കുക.
15. അനുസരണം കാണിക്കുക.
16. തെറ്റുചെയ്യുന്നവരെ തുറന്നു ശാസിക്കുക.
17. സ്വരം നല്ലപ്പോഴേ പാട്ടു നിർത്തുക.
18. ഇരന്ന പൊന്നണിഞ്ഞു ഞെളിഞ്ഞു നടക്കരുത്. മാറിമാറി ധരിക്കുവാൻ അയൽവാസിയുടെ സ്വർണ്ണം, വസ്ത്രം ഇവ കടം വാങ്ങരുത്.
19. അധികഭക്ഷണം പാടില്ല.
20. ആഹാരം സൗജന്യമായി ലഭിച്ചാലും ആവശ്യത്തിനുമാത്രമേ ഭക്ഷിക്കാവൂ.
21. ജീവിക്കുവാൻ വേണ്ടി ഭക്ഷിക്കുക.
22. ഭക്ഷിക്കുവാൻ വേണ്ടി ജീവിക്കരുത്.
23. നിദ്രപ്രിയൻ ആകരുത്.
24. പിതാക്കന്മാരുടെ പണം ധൂർത്തടിക്കരുത്.
25. മടിയൻ ആയിരിക്കരുത്.

26. ഒപ്പം ഒപ്പം ഉള്ളിടത്തുനിന്നു മാത്രമേ വിവാഹബന്ധം പാടുള്ളൂ.
27. ഉള്ളവനു ദാനം ചെയ്യുന്നവൻ ദരിദ്രൻ ആകും.
28. എളിയവരുടെ മുമ്പിൽ വലിയ ആളാകാൻ ശ്രമിക്കരുത്.
29. അളവിലും തൂക്കത്തിലും എണ്ണത്തിലും കുറയ്ക്കരുത്.
30. ചൊട്ടയിലെ ശീലം ചുടല വരെ
31. സുഖകാലത്ത് സഖികൾ ധാരാളം
32. ദുഃഖത്തിൽ പങ്കു ചേരുന്നവർ ദുർലഭം.
33. വേലി തന്നെ വിളവു തിന്നരുത്.
34. കള്ളൻ കപ്പലിൽ തന്നെ ആകരുത്.
35. ഇല്ലെങ്കിലും ഉണ്ടെന്നു നടിക്കണം.
36. വിശ്വാസി അനുവർത്തിക്കേണ്ടതുമാത്രം ചെയ്യുക.
38. മർക്കടമുഷ്ടികളെ സൂക്ഷിക്കണം.
39. സ്നേഹം നിർവ്യാജം ആയിരിക്കണം.
40. ആലോചനയില്ലാത്ത സഭ വീണുപോകും.
41. ദേശത്തു പാർത്തു വിശ്വസ്തത ആചരിക്കുക
42. ദൈവം സകലത്തേയും തന്റെ ഉദ്ദേശ്യത്തിനായി ഉണ്ടാക്കിയിരിക്കുന്നു.
43. മിണ്ടാതിരുന്നാൽ ഭോഷനെപ്പോലും ജ്ഞാനിയായി എണ്ണും.
44. രഹസ്യം പാട്ടാക്കരുത്.
45. മുൻകോപി പിഴകൊടുക്കണം.
46. വ്യാജരേഖ ഉണ്ടാക്കരുത്.
47. മൂക്കിൽ ശ്വാസമുള്ള ഒരാളിനെയും വിശ്വസിക്കരുത്.
48. ഏച്ചുകെട്ടി സൗന്ദര്യം ഉണ്ടാക്കരുത്.
49. സ്ത്രീധനത്തിനായി സ്ത്രീകളെ പീഡിപ്പിക്കരുത്.
50. കോപം ഇളക്കരുത്.

**അന്നമ്മ സി. ജോൺ**

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891)**
**for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**